VOL NO: 04 | ISSUE 15
www.nerpatham.com
mail@nerpatham.com


2020 APRIL 11 | ₹12

# നേർപഥം

വാരിക

# ലോകം കണ്ട മഹാമാരികൾ

മണ്ണും വിണ്ണും കീഴടക്കി മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസമൂഹത്തിന്റെ അഹങ്കാര മസ്തകത്തിനേൽക്കുന്ന കനത്ത താഡനങ്ങളാണ് പ്രകൃതിദുരന്തങ്ങളും മഹാമാരികളും. മനുഷ്യവംശത്തിലെ ഒരു ഭാഗം കവർന്നെടുത്തുകൊണ്ടാണ് ഓരോ പകർച്ചവ്യാധിയും പടിയിറങ്ങാറ്. കൊറോണക്ക് മുമ്പും മനുഷ്യൻ സൂക്ഷ്മാണുക്കളാൽ ആക്രമിക്കപ്പെട്ടിട്ടുണ്ട്, ശാസ്ത്രം നിശ്ചലമായി നിന്നിട്ടുണ്ട്. ലോകം നേരിട്ട മഹാമാരികളുടെ സംക്ഷിപ്ത ചരിത്രം.




**കൊറോണ: ചില ചിന്തകൾ**
**പുറത്തിറങ്ങുന്നവരും 'പുറത്ത്' അടിക്കുന്നവരും**
**പകർച്ചവ്യാധികളിൽ നിന്ന് രക്ഷനേടാൻ പത്ത് ഉപദേശങ്ങൾ**

## ആരോഗ്യ സംരക്ഷണ രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ

രോഗം പരീക്ഷണമാണെന്നും അതിൽ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യണമെന്നും അല്ലാഹുവിനെക്കുറിച്ച് സദ്‌വിചാരം ഉണ്ടായിരിക്കണമെന്നും നിർദേശിക്കുന്ന ദൈവിക മതമായ ഇസ്‌ലാം രോഗം വരാതിരിക്കാനുള്ള ധാരാളം മുൻകരുതലുകൾ അറിയിച്ചുതന്നു. ഇത്തരം മുൻകരുതലുകളെ ഓരോരുത്തരും മുഖവിലക്കെടുക്കേണ്ടതുണ്ട്.

جامعة الهند الإسلامية
School Of Qur'an

# രജിസ്ട്രേഷൻ ആരംഭിച്ചു

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

0169 / 2020 ഏപ്രിൽ 11 / 1441 ശഅബാൻ 18 / പുസ്തകം 04 / ലക്കം 15

നേർപഥം
വാരിക



# ലോകം കണ്ട മഹാമാരികൾ

ഡോ.സബീൽ പട്ടാമ്പി / 10


**മുഖമൊഴി**

പുറത്തിറങ്ങുന്നവരും 'പുറത്ത്' അടിക്കുന്നവരും / 05

**ലേഖനം**

ആരോഗ്യസംരക്ഷണ രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ / 06
മുഹമ്മദ് സാദിഖ് മദീനി

കാരുണ്യം / 26
അബ്ദുൽ ജബ്ബാർ മദീനി

കൊറോണ: ചില ചിന്തകൾ / 30
മുബാറക് ബിൻ ഉമർ

**വിവർത്തനം**

പകർച്ചവ്യാധികളിൽ നിന്ന് രക്ഷനേടാൻ പത്ത് ഉപദേശങ്ങൾ / 18
ശൈഖ് അബ്ദുറസ്സാഖ് ബിൻ അബ്ദുൽ മുഹ്സിൻ അൽബദർ (ഹഫി)
വിവർത്തനം: സമീർ മുണ്ടേരി

**അഭിമുഖം**

ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത / 21
കെ.ഇ.എൻ കുഞ്ഞഹമ്മദ് / ഡോ. സി. മുഹമ്മദ് റാഫി

**കാഴ്ച**

കൊറോണ കാലത്തെ മോട്ടാർസൈക്കിൾ യാത്ര / 34
ഇബ്നു അലി എടത്തനാട്ടുകര


**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



# കൊറോണ ഭീതിയെക്കാൾ ദാരിദ്ര്യഭയമോ?

കടകളിൽ സാധനങ്ങൾ കുറയുന്നു. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ചരക്ക് നീക്കം തടസ്സപ്പെടുന്നു. പണമുണ്ടങ്കിലും ഭക്ഷ്യവസ്തുക്കൾ കിട്ടാനില്ല എന്ന അവസ്ഥ വരുമോ? ആശങ്കകളാണ് എല്ലാവരിലും. ഈ അവസരത്തിൽ വിശ്വാസികൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ ഉണർത്തട്ടെ.

“അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനവും നൽകി...” (ക്വുർആൻ 30:40).

മനുഷ്യർക്ക് മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും അല്ലാഹുവാണ് ഉപജീവനം നൽകുന്നത്: “ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലുണ്ട്”(ക്വുർആൻ 11:6). “സ്വന്തം ഉപജീവനത്തിന്റെ ചുമതല വഹിക്കാത്ത എത്രയെത്ര ജീവികളുണ്ട്! അല്ലാഹുവാണ് അവയ്ക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവൻ” (ക്വുർആൻ 29:60).

ഉപജീവനത്തിൽ ഓരോരുത്തർക്കും അവരുടെതായ അളവ് അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഭവങ്ങൾ പൂർത്തീകരിച്ചിട്ടല്ലാതെ ഒരാളും മരണപ്പെടുകയില്ല. ജാബിർബിൻ അബ്ദുല്ല ﵁യിൽ നിന്ന്: നബി ﷺ പറഞ്ഞു: “ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ഭയപ്പെടുകയുക. അവനോട് നന്നായി തേടുകയും ചെയ്യുക. ഒരാത്മാവും അതിന് നിശ്ചയിച്ചിട്ടുള്ള വിഭവങ്ങൾ (രിസ്ക്) പൂർത്തീകരിച്ചിട്ടല്ലാതെ മരണപ്പെടുകയില്ല, അത് പതുക്കെയാണെങ്കിലും. അതിൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, തേട്ടം നന്നാക്കുകയും ചെയ്യുക. നിങ്ങൾക്കവൻ അനുവദിച്ചവ സ്വീകരിക്കുകയും വിലക്കിയവ ഉപേക്ഷിക്കുകയും ചെയ്യുക” (ഇബ്നുമാജ).

അല്ലാഹുവിന്റെ അതിവിശിഷ്ടമായ നാമങ്ങളിൽ പെട്ട ഒരു നാമമാണ് ‘അർറസാക്' (ഉപജീവനം നൽകുന്നവൻ) എന്നത്: “തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും” (ക്വുർആൻ 51:58).

ഉപജീവനത്തിനായി എല്ലാവരും അല്ലാഹുവിന്റെ ആശ്രയം ആവശ്യമുള്ളവരാണ്: (ക്വുർആൻ 35:15).

ഒരാൾ ഇമാം ഹസനുൽ ബസ്വരിയുടെ(റഹി) അടുത്ത് വന്ന് വരൾച്ചയെയും ക്ഷാമത്തെയും കുറിച്ച് ആവലാതി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘നീ പാപമോചനം തേടുക. മറ്റൊരാൾ ദാരിദ്ര്യത്തെ കുറിച്ച് ആവലാതിപ്പെട്ടു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. മറ്റൊരാൾ സന്താനം ഇല്ലാത്തതിനെപറ്റി പറഞ്ഞു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. മറ്റൊരാൾ കൃഷി നശിച്ചതിനെപറ്റി പറഞ്ഞു. അവനോടും പാപമോചനം തേടാൻ ആവശ്യപ്പെട്ടു. ഈ മറുപടികളെല്ലാം കേട്ടുകൊണ്ടിരുന്ന റബീഅ് ഇബ്നു സ്വാബിഹ് എന്നയാൾ അദ്ദേഹത്തോട് ചോദിച്ചു: ‘വ്യത്യസ്ത ആവശ്യങ്ങളുമായി വന്നവർക്കെല്ലാം താങ്കൾ പാപമോചനം തേടുക എന്ന ഒരേയൊരു മറുപടിയാണല്ലോ നൽകിയത്!’ അപ്പോൾ ഹസനുൽ ബസ്വരിയുടെ(റഹി) പറഞ്ഞു: ‘ഞാൻ എന്റെ വകയായി ഒന്നും പറഞ്ഞിട്ടില്ല. അല്ലാഹു സൂറതു നൂഹിൽ പറയുന്നത് പാപമോചനം തേടുന്നവർക്ക് അല്ലാഹു അവരുടെ മനോവിഷമം അകറ്റുകയും അവർക്ക് ഉപജീവനം വർധിപ്പിക്കുകയും ചെയ്യുമെന്നാണ്.”

ഇവിടെ പ്രത്യേകം മനസ്സിലാക്കേണ്ട ഒരു കാര്യം, പാപമോചനം തേടുന്നത് ഉപജീവനം വിശാലമായി കിട്ടുന്നതിന് വേണ്ടിയാകരുത്. അല്ലാഹുവിനോട് പാപമോചനം തേടുന്നത് പാപം പൊറുത്ത് കിട്ടുന്നതിന് വേണ്ടി മാത്രമായിരിക്കണം. അപ്പോൾ അല്ലാഹു പാപം പൊറുത്തുതരും. അതോടൊപ്പം അല്ലാഹു ഉപജീവനത്തിൽ വിശാലത നൽകുകയും ചെയ്യും.

ഉമറുബ്നുൽ ഖത്ത്വാബിൽ﵁നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: നബിﷺ അരുൾ ചെയ്തിരിക്കുന്നു: “നിശ്ചയം, നിങ്ങൾ അല്ലാഹുവിൽ യഥാവിധി കാര്യങ്ങൾ ഭരമേൽപിക്കുകയാണെങ്കിൽ, പക്ഷികൾക്ക് ആഹാരം നൽകപ്പെടും പോലെ നിങ്ങൾക്കും ആഹാരം നൽകപ്പെടും. അവ പ്രഭാതത്തിൽ ഒട്ടിയ വയറുമായി പുറപ്പെടുന്നു. വൈകുന്നേരം നിറഞ്ഞ വയറുമായി മടങ്ങുന്നു” (തിർമിദി)

അല്ലാഹുവിൽ ഭരമേൽപിക്കുകയെന്നത് ഒരു ജോലിയും ചെയ്യാതെ ചടഞ്ഞിരിക്കുന്നതിന്റെ പേരല്ലെന്ന് ഈ നബിവചനം മനസ്സിലാക്കിത്തരുന്നു.

**-മുജീബ് തൊടികപ്പുലം**

# പുറത്തിറങ്ങുന്നവരും ‘പുറത്ത്’ അടിക്കുന്നവരും

നിയമങ്ങൾക്ക് ഒരു പഞ്ഞവുമില്ലാത്ത നാടാണ് നമ്മുടേത്; നിയമലംഘകർക്കും. നിയമങ്ങൾ അപ്പടി അനുസരിക്കാനുള്ളതല്ലെന്നും നിയമങ്ങൾ നിയമങ്ങളുടെ വഴിക്കും നമ്മൾ നമ്മുടെ വഴിക്കും പോകട്ടെ എന്നുമാണ് ചിലരുടെയെങ്കിലും മനോഗതി. നിയമങ്ങൾ പാലിക്കേണ്ടവരും നടപ്പിലാക്കേണ്ടവരും തന്നെ നിയമം ലംഘിക്കുന്നത് കാണുന്നവർ ഇങ്ങനെ ചിന്തിക്കുന്നുവെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ലല്ലോ. കൈക്കൂലി ചോദിക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാണെന്ന് എഴുതിവച്ചതിനു താഴെ ഇരിക്കുന്ന ഉദ്യോഗസ്ഥൻ, തന്നെ സമീപിക്കുന്ന സാധാരണക്കാരനോട് അവന്റെ ആവശ്യം നടത്തിക്കൊടുക്കാൻ കൈക്കൂലി ആവശ്യപ്പെട്ടാൽ അവന്റെ കണ്ണിൽ ആ നിയമത്തിന് എന്തുവില? ഇങ്ങനെ നിയമങ്ങളെക്കാൾ നിയമലംഘനം കണ്ടുമടുത്ത മലയാളികളുടെ മുന്നിലാണ് വഴിതടസ്സപ്പെടുത്തുന്ന രൂപത്തിൽ ലോക്ക്ഡൗൺ എന്ന വലിയ കല്ല് കൊണ്ടുവന്ന് ഇട്ടിരിക്കുന്നത്.

പറഞ്ഞുവരുന്നത് കൊറോണക്കാലത്തെ അനുസരണക്കേടുകളെക്കുറിച്ചാണ്. കേരളസർക്കാർ ഏതാനും ദിവസത്തെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനു പിന്നാലെയാണ് കേന്ദ്ര സർക്കാർ 21 ദിവസത്തെ അടച്ചിടൽ പ്രഖ്യാപിച്ചത്! മലയാളികൾ പ്രബുദ്ധരും സാക്ഷരരുമാണ്. കാര്യം പറഞ്ഞാൽ തിരിയും. അതുകൊണ്ട് തന്നെ ഈ കൽപന ലംഘിക്കാനുള്ളതല്ലെന്നും തങ്ങളുടെയും രാജ്യത്തിന്റെയും നിലനിൽപിനാണെന്നും അവർ മനസ്സിലാക്കി. സാധ്യമാകുന്നത്ര വീട്ടിനുള്ളിൽ ഒതുങ്ങിക്കൂടാൻ തയ്യാറായി. അപവാദമില്ലാതില്ല; അവരുടെ എണ്ണം തുലോം കുറവാണ്.

130 കോടി മനുഷ്യരിൽ ഒരാളും വീട്ടിൽ നിന്ന് പുറത്തിറങ്ങാത്ത ഒരു ദിവസം എന്നത് പോകട്ടെ ഒരു മിനുട്ടെങ്കിലും ഉണ്ടാകുക എന്നത് അസംഭവ്യമാണ്. അപ്പോൾ പിന്നെ 21 ദിവസമോ? അങ്ങനെയൊരു നിർദേശം ഉണ്ടായിട്ടുമില്ല. കഴിയാവുന്നത്ര വീടുകളിൽ ഒതുങ്ങിക്കൂടുക, ഇടകലരൽ ഒഴിവാക്കുക, അത് വൈറസ് വ്യാപനത്തെ തടയും. അത്യാവശ്യ കാര്യങ്ങൾക്ക് പോകേണ്ട എന്ന കൽപനയൊന്നുമുണ്ടായിട്ടില്ല.

അവശ്യവസ്തുക്കൾ വാങ്ങുവാനും ചികിത്സാർഥവും പുറത്തിറങ്ങേണ്ടി വരും. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവരും പോലീസുകാരുമൊക്കെ കഠിനമായി അധ്വാനിക്കുന്നത് സമൂഹത്തിന്റെ രക്ഷക്കു വേണ്ടിയാണ്. പൊരിവെയിൽ വകവെക്കാതെ, കടകൾ തുറക്കാത്തതിനാൽ ചായയോ വെള്ളമോ പോലും ലഭിക്കാത്ത ചുറ്റുപാടിൽ പൊലീസുകാർ അനാവശ്യമായി ചുറ്റിക്കറങ്ങാനിറങ്ങുന്നവരെ തടഞ്ഞുനിർത്തി തിരിച്ചയക്കുന്നതും അടികൊടുത്ത് പിന്തിരിപ്പിക്കുന്നതും രാജ്യത്തിന്റെ രക്ഷയ്ക്ക് കൂടിയാണ്.


ലാത്തികൊണ്ട് പ്രഹരിക്കുവാനുള്ള അവകാശം ഏതൊക്കെ സന്ദർഭങ്ങളിലാണ് പോലീസിനുള്ളത് എന്ന നിയമപരമായ പ്രശ്നത്തിലേക്ക് പോകുന്നില്ല. എന്നാൽ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടി പുറത്തിറങ്ങുന്നവരെ എന്തിന് പോകുന്നു എന്ന് ചോദിക്കാൻ പോലും നിൽക്കാതെ, അവർക്ക് എന്തെങ്കിലും ഉരിയാടാനുള്ള സമയം നൽകാതെ ലാത്തികൊണ്ട് പുറത്ത് പ്രഹരിക്കുന്നത് ന്യായീകരിക്കാവതല്ല. ന്യായമായ കാര്യങ്ങൾക്ക് വേണ്ടി പുറത്തിറങ്ങാം എന്ന മുഖ്യമന്ത്രിയുടെ വാക്ക് വിശ്വസിച്ചാണ് പച്ചക്കറിയോ അരിയോ മരുന്നോ മറ്റോ വാങ്ങാൻ വേണ്ടി പുറത്തിറങ്ങുന്നത്. സാധനങ്ങളൊന്നും വാങ്ങാതെ അടിയേറ്റ് തിണർത്ത പാടുകളുമായി വേദനകടിച്ചുപിടിച്ച് വീട്ടിൽ തിരിച്ചെത്തുന്ന യുവാക്കളുടെയും അവരുടെ മാതാപിതാക്കളുടെയും ഭാര്യമാരുടെയുമൊക്കെ മാനസികാവസ്ഥ മനസ്സിലാക്കാതെ പോകരുത്.

മനുഷ്യത്വത്തിന് മുൻതൂക്കം നൽകുക; നിയമപാലകരും ജനങ്ങളും. അപ്പോൾ ആരും അനാവശ്യമായി പുറത്തിറങ്ങില്ല. അനാവശ്യമായി നിയമപാലകർ ആരെയും വേദനിപ്പിക്കുകയുമില്ല.

മുഹമ്മദ് സാദിഖ് മദീനി
sadikhtp@gmail.com

ലേഖനം

# ആരോഗ്യസംരക്ഷണ രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ



ജീവിതത്തിൽ ഒരു തവണയെങ്കിലും ചെറുതോ വലുതോ ആയ രോഗം വരാത്തവർ ഉണ്ടായിരിക്കുകയില്ല. ക്ഷീണവും തളർച്ചയും ശാരീരിക പ്രയാസങ്ങളും മാത്രമല്ല സാമ്പത്തിക ഞെരുക്കവും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥയും രോഗിക്ക് അനിവാര്യമായി വരുന്നു. വേദനകൊണ്ട് പുളയുന്ന രോഗികളും ബന്ധുവിന്റെ ചികിത്സക്കായി ആളുകളോട് യാചിക്കുന്നവരും കാലങ്ങളായി രോഗിയെ പരിചരിക്കുന്നവരുമെല്ലാം രോഗത്തിന്റെ വിവിധ തീക്ഷ്ണ മുഖങ്ങളാണ്. രോഗം പരീക്ഷണമാണെന്നും അതിൽ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യണമെന്നും അല്ലാഹുവിനെക്കുറിച്ച് സദ്‌വിചാരം ഉണ്ടായിരിക്കണമെന്നും നിർദേശിക്കുന്ന ദൈവിക മതമായ ഇസ്‌ലാം രോഗം വരാതിരിക്കാനുള്ള ധാരാളം മുൻകരുതലുകൾ അറിയിച്ചുതന്നു. ഇത്തരം മുൻകരുതലുകളെ ഓരോരുത്തരും മുഖവിലക്കെടുക്കേണ്ടതുണ്ട്.

രോഗിക്കും നോമ്പുകാരനും ഇസ്‌ലാം നൽകിയ ഇളവുകൾ പരിശോധിച്ചാൽ അത് അവന്റെ സുരക്ഷിതത്വത്തിനു വേണ്ടിയാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. നോമ്പനുഷ്ഠിച്ച് സുദീർഘമായ യാത്ര ചെയ്യുന്ന ഒരാൾക്ക് ക്ഷീണവും തളർച്ചയും സംഭവിക്കുക വഴി അത് അവന്റെ ആരോഗ്യത്തെ ബാധിക്കുന്നു. അപ്രകാരം തന്നെ രോഗി നോമ്പനുഷ്ഠിച്ചാൽ അവന്റെ രോഗം മൂർച്ഛിക്കുകയോ രോഗശമനത്തിന് കാലതാമസം നേരിടുകയോ ചെയ്തേക്കാം

രോഗികൾ കുളിക്കുകയോ വെള്ളം ഉപയോഗിക്കുകയോ ചെയ്താൽ ഒരുപക്ഷേ, രോഗം കഠിനമാവാൻ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ അത്തരം സന്ദർഭങ്ങളിൽ വുദൂഅ്, കുളി എന്നിവയ്ക്ക് പകരം തയമ്മും ചെയ്താൽ മതിയാകുന്നതാണ്

അല്ലാഹു പറയുന്നു: "നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്..." (ക്വുർആൻ 2:195).

## ആരോഗ്യവും പരിസരശുചിത്വവും

ആരോഗ്യസംരക്ഷണത്തിന് ഇസ്‌ലാം മഹത്തായ പ്രാധാന്യം നൽകുന്നു. ദന്തശുദ്ധിയെ സംബന്ധിച്ചുള്ള ഇസ്‌ലാമിക പാഠം ഏവർക്കും അറിയാവുന്നതാണ്.

നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിന് പ്രയാസം ഇല്ലായിരുന്നുവെങ്കിൽ ഓരോ വുദൂഇന്റെയും (നമസ്കാരത്തിന്റെയും) കൂടെ ദന്തശുദ്ധി വരുത്തുവാൻ ഞാൻ അവരോട് കൽപിക്കുമായിരുന്നു."

നബിﷺ അരുളി: "ദന്ത ശുദ്ധീകരണം വായക്ക് നല്ലതും റബ്ബിന് ഇഷ്ടപ്പെട്ട കാര്യവുമാണ്."

വായ, പല്ല്, മോണ എന്നിവയ്ക്ക് ഉണ്ടാകുന്ന മിക്ക രോഗങ്ങൾക്കും കാരണം ദന്ത ശുദ്ധീകരണത്തിൽ കാണിക്കുന്ന അലംഭാവമാണ്.

നമസ്കാരം ശരിയാകാനുള്ള നിബന്ധനയിൽ പെട്ടതാണ് വുദൂഅ് ഉണ്ടായിരിക്കുക എന്നത്. ശരീരത്തിലെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം കഴുകിയും തടവിയും വുദൂഅ് ചെയ്യുന്നതു മുഖേന വലിയ ഒരു ശുദ്ധീകരണ പ്രക്രിയയാണ് വിശ്വാസിയിൽ നടക്കുന്നത്. പ്രത്യേകിച്ച് മൂക്കിൽ അടിഞ്ഞുകൂടിയിരിക്കുന്ന മലിന വസ്തുക്കളെ വൃത്തിയാക്കുക തന്നെ വേണം. അതുകൊണ്ടാണ് നബിﷺ'നീ നോമ്പുകാരൻ അല്ലെങ്കിൽ മൂക്കിലേക്ക് വെള്ളം നന്നായി കേറ്റുക' എന്ന് പറഞ്ഞത്.

നമസ്കാരത്തിന്റെ മറ്റൊരു നിബന്ധനയാണ് ശരീരം അശുദ്ധിയിൽ നിന്നും വൃത്തിയാക്കണമെന്നത്. അതുപോലെതന്നെ ധരിക്കുന്ന വസ്ത്രവും ശുദ്ധിയുള്ളതായിരിക്കണം.

അല്ലാഹു പറയുന്നു: "നിന്റെ വസ്ത്രം നീ ശുദ്ധിയാക്കുക" (ക്വുർആൻ 74:4).

ഇസ്‌ലാം പഠിപ്പിക്കുന്ന മലമൂത്ര വിസർജന മര്യാദകളിലും ആരോഗ്യസംരക്ഷണവും രോഗം വരാതിരിക്കുവാനുള്ള നിർദേശങ്ങളും കാണുവാൻ സാധിക്കും. വലതുകൈകൊണ്ട് ശൗച്യം ചെയ്യരുതെന്നും വലതുകൈകൊണ്ട് ജനനേന്ദ്രിയം പിടിക്കരുത് എന്നും മൂത്രവിസർജനത്തിൽ അശ്രദ്ധ കാണിക്കുന്നത് ക്വബ്ർ ശിക്ഷക്ക് കാരണമായിത്തീരുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

വെള്ളം കിട്ടിയില്ലെങ്കിൽ കല്ല് ഉപയോഗിച്ചെങ്കിലും ശുദ്ധിയാക്കണം. അതിന് മൂന്നിൽ കുറയാത്ത കല്ല് വേണമെന്നും പ്രവാചകൻﷺ അരുൾ ചെയ്തു

ശരീരം വൃത്തിയോടും വെടിപ്പോടും കൊണ്ടു നടക്കണം. അതുകൊണ്ടാണ് ആർക്കെങ്കിലും മുടി ഉണ്ടെങ്കിൽ അവൻ അതിനെ ചീകിയൊതുക്കട്ടെ, മാനിക്കട്ടെ എന്നെല്ലാം നബിﷺ പറഞ്ഞത്.

കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നതും പള്ളിയിൽ തുപ്പുന്നതും ഇസ്‌ലാം വിലക്കുന്നു. കുളി മതപരമായ കാര്യം കൂടിയാണ്. നിർബന്ധമായോ ഐച്ഛികമായോ കുളിക്കേണ്ട സന്ദർഭങ്ങൾ ഉണ്ട്. ആർത്തവ വിരാമത്തോടനുബന്ധിച്ച്, പ്രസവരക്തം നിലച്ചാൽ, വലിയ അശുദ്ധി ഉണ്ടായാൽ എന്നീ സന്ദർഭങ്ങളിൽ നിർബന്ധമായും കുളിക്കേണ്ടതുണ്ട്.

എല്ലാ പ്രവാചകന്മാരും തങ്ങളുടെ സമൂഹത്തെ പഠിപ്പിച്ച ചില കാര്യങ്ങൾക്കാണ് സുനനുൽ ഫിത്വ്റ എന്ന് പറയുക. അത് ഒരു മുസ്‌ലിം അനിവാര്യമായും അനുഷ്ഠിക്കേണ്ടതുണ്ട്.

ചേലാകർമം ചെയ്യുക, ഗുഹ്യരോമം വടിക്കുക, കക്ഷരോമം പറിക്കുക, നഖം മുറിക്കുക, മീശ പറ്റെ വെട്ടുക, എന്നിവയെല്ലാം അവയിൽപെട്ടതാണ്. അവ നാൽപത് ദിവസത്തിലധികം വൈകിപ്പിക്കരുത് എന്ന് നബിﷺ പ്രത്യേകം ഉണർത്തി.

ജനങ്ങൾക്ക് പഴവും ഫലവും തണലും നൽകുന്ന മരച്ചുവട്, മനുഷ്യർ നടന്നുപോകുന്ന വഴികൾ, ജലസ്രോതസുകൾ എന്നിവിടങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നത് ശാപത്തിന് കാരണമായിത്തീരുന്നതാണ്. കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുകയും പിന്നീട് അതിൽ കുളിക്കുകയും ചെയ്യുക എന്നത് വളരെ മോശമായ കാര്യമായി ഇസ്‌ലാം കാണുന്നു.

പകർച്ചവ്യാധി പകരാതിരിക്കുവാനുള വഴി ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ നബിﷺ അറിയിച്ചുതന്നിട്ടുണ്ട്. ഇന്ന് അത് വളരെ പ്രസക്തമായി തീർന്നിരിക്കുകയാണ്

രോഗം നൽകുന്നത് അല്ലാഹുവാണ്. അസുഖം സ്വന്തമായി മറ്റൊരാളിലേക്ക് അല്ലാഹവിന്റെ ഉദ്ദേശ പ്രകാരമല്ലാതെ വിട്ടുകടക്കുകയില്ല. എങ്കിലും മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. പകർച്ച

വ്യാധി ഉള്ള നാട്ടിലേക്ക് മറ്റുള്ളവർ പോകാനോ ആ നാട്ടിൽ ഉള്ളവർ മറ്റേതെങ്കിലും സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുവാനോ പാടില്ല എന്നതാണ് ആ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ അധ്യാപനം.

പാനം ചെയ്യുന്ന പാത്രത്തിന്റെ വക്കിൽവച്ച് കുടിക്കരുത് എന്നും രോഗമുള്ളവരുടെ അടുത്തേക്ക് രോഗം ഇല്ലാത്തവർ വരരുത്, കുഷ്ഠരോഗം ഉള്ളവരിൽ നിന്നും അകലണം എന്നുമുള്ള ഇസ്‌ലാമിക അധ്യാപനം എത്ര പ്രസക്തമാണ്! നബിﷺ തുമ്മുമ്പോൾ കൈകൊണ്ടോ വസ്ത്രംകൊണ്ടോ പൊത്തി പ്പിടിക്കുകയും ശബ്ദം കുറയ്ക്കുകയും ചെയ്യാറുണ്ടായിരുന്നു എന്ന് ഹദീഥുകളിൽ കാണുവാൻ സാധിക്കും

മാത്രമല്ല സന്ധ്യാസമയത്ത് ചെറിയകുട്ടികളെ പുറത്തിറക്കരുതെന്നും രാത്രി കിടക്കുമ്പോൾ വിളക്കുകൾ അണയ്ക്കണമെന്നും വാതിലുകൾ അടയ്ക്കണമെന്നും പാത്രങ്ങൾ മൂടിവെക്കണം എന്നും പ്രവാചകൾ അറിയിച്ചത് മുൻകരുതലുകളുടെ ഭാഗമായിട്ടാണ്.

ഭക്ഷണവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക മര്യാദകൾ ആരോഗ്യ പരിപാലനത്തിനും രോഗം വരാതിരിക്കുവാനും ആവശ്യമാണ്. ശരീരത്തെ ദോഷകരമായി ബാധിക്കുന്ന മ്ലേച്ഛവസ്തുക്കൾ ഭക്ഷിക്കുന്നത് ഇസ്‌ലാം നിരോധിച്ചു. ശവം, രക്തം, പന്നിമാംസം തുടങ്ങിയവയും അമേധ്യം പോലുള്ള മ്ലേച്ഛവസ്തുക്കൾ ഭക്ഷിക്കുന്ന ജീവികളുടെ മാംസം, പാൽ എന്നിവയും അവയുടെ പുറത്ത് സവാരി ചെയ്യുന്നതും നിരോധിക്കപ്പെട്ട കാര്യമാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (ക്വുർആൻ 2:172).

അന്ത്യപ്രവാചകനെ കുറിച്ച് മുൻവേദഗ്രന്ഥങ്ങളിൽ വന്ന സന്തോഷവാർത്തയായി ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്:

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ: 7:175).

അന്നപാനീയങ്ങളിൽ ഉപയോഗിക്കുന്നതിൽ അതിരുവിടരുത് എന്നത് ഇസ്‌ലാമിന്റെ പ്രത്യേകമായ ഒരു കൽപനയാണ്. ഇബ്നു കഥീർ(റഹി) പറഞ്ഞു: "ചില മുൻഗാമികൾ പറഞ്ഞത് അല്ലാഹു ഈയൊരു ആയത്തിലെ പകുതിഭാഗം കൊണ്ട് വൈദ്യശാസ്ത്രം മുഴുവൻ പറഞ്ഞിരിക്കുന്നു."

ഇബ്നുൽ ക്വയ്യിമും അപ്രകാരം പറഞ്ഞിരിക്കുന്നു. നബിﷺ പറഞ്ഞു: "നിങ്ങൾ ഭക്ഷിക്കുക, ദാനം ചെയ്യുക, വസ്ത്രം ധരിക്കുക, അഹങ്കാരവും അമിതവ്യയവും കൂടാതെ."

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "ഭക്ഷണം കൊണ്ട് ചികിത്സിക്കുവാൻ സാധിച്ചാൽ മറ്റു മരുന്നുകളിലേക്ക് തിരിയേണ്ടതില്ല എന്നത് വൈദ്യൻമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ട കാര്യമാണ്."

നബിﷺ പറഞ്ഞു: "വയറിനെക്കാൾ മോശമായ ഒരു പാത്രം ആദംസന്തതി നിറച്ചിട്ടില്ല. ഒരാൾക്ക് അവന്റെ നടുനിവർത്തുവാൻ സാധിക്കുന്ന ഏതാനും ഉരുളകൾ മാത്രം മതിയാകുന്നതാണ്. ഇനി അതല്ലെങ്കിൽ മൂന്നിലൊന്ന് ഭക്ഷണവും മൂന്നിലൊന്ന് പാനീയവും മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിനും മതിയാവുന്നതാണ്."

ബുദ്ധിയെ ദോഷകരമായി ബാധിക്കുന്ന എല്ലാ വസ്തുക്കളെയും ഇസ്‌ലാം നിരോധിച്ചു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നവയാണ്.

ലൈംഗിക വിഷയത്തിൽ വിശുദ്ധി പാലിച്ചില്ലെങ്കിൽ മാരകമായ ധാരാളം രോഗങ്ങൾക്ക് അത് കാരണമാകുന്നതാണ്. വ്യഭിചാരം നിഷിദ്ധമാണ് എന്ന് കുർആൻ ഖണ്ഡിതമായി പറഞ്ഞു. അല്ലാഹു പറയുന്നു:

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (ക്വുർആൻ 17:32).

ജനങ്ങൾ പരസ്യമായി വ്യഭിചരിക്കുന്ന അവസ്ഥ ഉണ്ടായാൽ മുൻഗാമികൾക്കില്ലാത്ത രോഗങ്ങളെ കൊണ്ട് പരീക്ഷിക്കപെടുന്ന് നബിﷺ മുന്നറിയിപ്പ് നൽകി. സ്വവർഗഭോഗത്തെ വൻപാപമായി ഇസ്‌ലാം കാണുന്നു. നബിﷺ ആ വിഷയകമായി പറഞ്ഞത് 'അപ്രകാരം ചെയ്യുന്നവരെയും അതിന് അനുവദിച്ചുകൊടുക്കുന്നവനെയും കൊന്നുക

ളയണം' എന്നാണ്.

ആർത്തവ സമയത്ത് ഭാര്യയുമായുള്ള ശാരീരിക ബന്ധം ഇസ്‌ലാം നിഷിദ്ധമാക്കി. അല്ലാഹു പറയുന്നു.

"ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നുനിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (ക്വുർആൻ 2: 222).

ആർത്തവ സമയത്തുള്ള ശാരീരികബന്ധം പാപമാണ് എന്നതിനാൽ അപ്രകാരം ചെയ്തവൻ ഒരു ദീനാറോ അര ദീനാറോ പ്രായശ്ചിത്തം നൽകണമെന്നും മതം പഠിപ്പിച്ചു.

മുഷ്ടി മൈഥുനത്തെ തിന്മയായി തന്നെയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സൂറത്തുൽ മുഅ്മിനൂനിലെ ആറ്, ഏഴ് വചനങ്ങൾ അതിലേക്കാണ് വെളിച്ചം വീശുന്നത്.

വികാരവും വിചാരവുമുള്ള മനുഷ്യന് വിശുദ്ധ ജീവിതം നയിക്കണമെങ്കിൽ ഇസ്‌ലാം അനുവദിച്ച മാർഗം അവൻ കൈക്കൊള്ളണം. ഇണയില്ലാത്ത ഏകാന്തവാസം അവന് മാനസിക രോഗങ്ങൾ സമ്മാനിച്ചേക്കാം. അതുകൊണ്ടുതന്നെ സന്യാസ ജീവിതമോ ഷണ്ഡീകരണമോ ഇസ്‌ലാം അനുവദിക്കുന്നില്ല.

ഇമാം ബുഖാരി നിവേദനം ചെയ്ത ഹദീഥിൽ സഹാബിമാർ പറയുന്നു: "നബിﷺ ഉസ്മാൻ ഇബ്നു മള്ഊന് തബത്തുൽ (വിവാഹം കഴിക്കാതെ അരാധനയിൽ കഴിഞ്ഞ് കൂടൽ) നിരോധിച്ചു. അദ്ദേഹത്തിന് നബി അത് അനുവദിച്ചിരുന്നെങ്കിൽ ഞങ്ങളും അപ്രകാരം ചെയ്യുമായിരുന്നു."

മാനസിക രോഗങ്ങളും സംഘർഷങ്ങളും വരാതിരിക്കുവാൻ ഒരു വിശ്വാസി എപ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയിൽ ജീവിക്കണമെന്ന് ഇസ്‌ലാം അറിയിക്കുന്നു. എല്ലാകാര്യത്തിനും കഴിവുള്ള അല്ലാഹുവാണ് എന്റെ രക്ഷിതാവെന്നും നന്മകളും തിന്മകളും ഒക്കെ നൽകുന്നവൻ അവൻ മാത്രമാണെന്നും ലക്ഷ്യസാക്ഷാത്കാരത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുക മാത്രമാണ് താൻ ചെയ്യുന്നതെന്നും കാര്യങ്ങൾ സാക്ഷാത്കരിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണെന്നും വിശ്വസിക്കുന്ന ഒരാൾക്ക് എന്ത് മാനസിക രോഗങ്ങളാണ് ഉണ്ടാവുക?

ആത്മഹത്യ പാപമാണെന്ന് മാത്രമല്ല നാളെ നരകാഗ്നിയിൽ അത്തരം ആളുകൾ പ്രസ്തുത പ്രവർത്തനം ആവർത്തിച്ചുകൊണ്ടേയിരിക്കും എന്നും നബിﷺ അറിയിച്ചു. അതിനാൽ എന്ത് പ്രധിസന്ധികൾ ഉണ്ടായാലും ജീവിതത്തിൽ നിന്ന് ഒളിച്ചോടി ഒരു കഷ്ണം കയറിൻ തുമ്പിൽ അവന്റെ ജീവിതം ആടുകയില്ല.

ശക്തിയും ബലവും ഉന്മേഷവും ഉള്ളവനായിരിക്കണം വിശ്വാസി. അതുകൊണ്ടുതന്നെ അധ്വാനിക്കാൻ പോകാതെ അലസരായി ഇരിക്കുന്നതും യാചന നടത്തുന്നതും ഇസ്‌ലാം കർശനമായി വിലക്കി. സ്വന്തംകൈകൊണ്ട് അധ്വാനിച്ച് ഉണ്ടാക്കുന്ന ഭക്ഷണത്തെ വിശിഷ്ടഭക്ഷണമായും നബിﷺ വിശേഷിപ്പിച്ചു.

കുതിരസവാരി, അമ്പെയ്ത്ത്, നീന്തൽ തുടങ്ങിയവ സൽകർമങ്ങളിലേക്കുള്ള മാർഗമായും ഇസ്‌ലാം അറിയിക്കുന്നു. നബിﷺ തന്റെ ഭാര്യ ആഇശ‍യുമായി ഓട്ടമത്സരം നടത്തിയ സംഭവം പ്രസിദ്ധമാണല്ലോ.

ക്രമേണ കടന്നുവരുന്ന രോഗങ്ങൾ മാത്രമല്ല പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ ചെറുക്കുവാനും നിർദേശിക്കുന്ന ധാരാളം പ്രവാചക വചനങ്ങൾ കാണുവാൻ സാധിക്കും.

വഴിയിൽനിന്ന് ഉപദ്രവകരമായവ നീക്കംചെയ്യൽ വിശ്വാസത്തിന്റെ ഭാഗമായും ജനങ്ങൾ നടന്നുപോകുന്ന വഴിയിൽ നിന്നും കല്ലോ മണ്ണോ എല്ലോ നീക്കംചെയ്യുന്നത് ധർമമായും വിശ്വാസത്തിന്റെഭാഗമായും നബിﷺ അറിയിച്ചു.

ഭക്ഷണം കഴിച്ച് കൈകഴുകാതെ ഉറങ്ങുകയും ശേഷം അനിഷ്ടകരമായ വല്ലതും അയാൾക്ക് സംഭവിക്കുകയും ചെയ്താൽ അവൻ മറ്റാരെയും പഴിചാരേണ്ടതില്ല എന്നാണ് പ്രവാചകൻ അറിയിച്ചത്. മാളത്തിൽ മൂത്രമൊഴിക്കുന്നത് വിരോധിച്ചതും വീട്ടിലെ ടെറസിൽ തടവ് ഇല്ലാതെ കിടന്നുറങ്ങുന്നത് വിലക്കിയതും സുരക്ഷയുടെ ഭാഗമായാണ്. രാത്രി കിടക്കുന്നതിന് മുമ്പായി ശ്രദ്ധിക്കേണ്ട ധാരാളം മര്യാദകളും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. വിരിപ്പ് കുടയണമെന്നത് അതിൽപെട്ട ഒന്നാണ്.

പ്രവാചകൻﷺ പഠിപ്പിച്ച ധാരാളം പ്രാർഥനകളും ദിക്റുകളും മനുഷ്യന്റെ സുരക്ഷയ്ക്കും രോഗം വരാതിരിക്കാനും പൈശാചിക ശല്യം ബാധിക്കാതിരിക്കുവാനുമുള്ള മുൻകരുതലുകളാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പേ ഇസ്‌ലാം പഠിപ്പിച്ച ആരോഗ്യസംരക്ഷണ പാഠങ്ങൾ ഈ പരിഷ്കൃത യുഗത്തിലും വളരെ പ്രസക്തമാണ്. ഇസ്‌ലാം ദൈവിക മതമാണ് എന്നതാണ് അതിന് കാരണം. കാലങ്ങൾ പിന്നിട്ടാലും ഇസ്‌ലാമിന്റെ പ്രസക്തി വർധിച്ചുകൊണ്ടേയിരിക്കും.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com




# ലോകം കണ്ട മഹാമാരികൾ

**മണ്ണും വിണ്ണും കീഴടക്കി മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസമൂഹത്തിന്റെ അഹങ്കാര മസ്തകത്തിനേൽക്കുന്ന കനത്ത താഡനങ്ങളാണ് പ്രകൃതിദുരന്തങ്ങളും മഹാമാരികളും. മനുഷ്യവംശത്തിലെ ഒരു ഭാഗം കവർന്നെടുത്തുകൊണ്ടാണ് ഓരോ പകർച്ചവ്യാധിയും പടിയിറങ്ങാറ്. കൊറോണക്ക് മുമ്പും മനുഷ്യൻ സൂക്ഷ്മാണുക്കളാൽ ആക്രമിക്കപ്പെട്ടിട്ടുണ്ട്, ശാസ്ത്രം നിശ്ചലമായി നിന്നിട്ടുണ്ട്. ലോകം നേരിട്ട മഹാമാരികളുടെ സംക്ഷിപ്ത ചരിത്രം.**

പുരാതനകാലം മുതൽക്കുതന്നെ വിവിധ പകർച്ചവ്യാധികൾ ഉണ്ടായിരുന്നതായി പല രേഖകളിലും എഴുതപ്പെട്ടത് കാണാം. പുരാവസ്തു ഗവേഷകരുടെ നിഗമന പ്രകാരം ഏറ്റവും പഴക്കമുള്ള പകർച്ച വ്യാധിയുടെ തെളിവുകൾ ലഭിച്ചിട്ടുള്ളത് ചൈനയുടെ വടക്ക് കിഴക്കൻ പ്രവിശ്യയിൽ നിന്നാണ്. ഈ സ്ഥലം 'ഹമിൻ മങ്ക' (Hamin Mangha) എന്നാണ് അറിയപ്പെടുന്നത്. ഇവിടുന്ന് കിട്ടിയ അസ്ഥികൾക്ക് ഏകദേശം ബി.സി 5000ത്തിനും ബി.സി 3000ത്തിനും ഇടക്ക് പഴക്കമുണ്ടെന്നാണു നിഗമനം. ഒരു വീടിനകത്ത് കുറെ അസ്ഥികൂടങ്ങൾ കത്തിക്കരിഞ്ഞ നിലയിലാണ് ഇവിടെ കാണപ്പെട്ടത്. ഇതിനെക്കുറിച്ചുള്ള പഠ

നത്തിൽ ഗവേഷകർ എത്തിച്ചേർന്നത് അവിടെ ഏതോ ഒരു പകർച്ചവ്യാധി പടർന്ന് പിടിച്ചിരുന്നുവെന്നും മറ്റുള്ളവർക്ക് പകരുന്നത് ഒഴിവാക്കാൻ ഒന്നുകിൽ രോഗബാധിതരെ ജീവനോടെയോ അല്ലെങ്കിൽ മരണശേഷം മൃതദേഹങ്ങൾ കൂട്ടിയിട്ടോ കത്തിച്ചതാകാം എന്നുമാണ്. എന്നാൽ ഇവർക്ക് എന്ത് രോഗമാണു പകർന്നത് എന്നതിനെക്കുറിച്ച് ഗവേഷകർക്ക് കൃത്യമായ ഒരു ധാരണയുമില്ല.

മുൻ കാലങ്ങളിൽ രോഗങ്ങളെയും രോഗാണുവിനെയും കൃത്യമായി വേർതിരിച്ച് മനസ്സിലാക്കാനുള്ള സംവിധാനോപാധികൾ ഇല്ലാത്തതിനാൽ എല്ലാ പകർച്ചവ്യാധികളെയും മൊത്തത്തിൽ 'പ്ലേഗ്' എന്നാണു വിളിച്ചിരുന്നത് എന്നാണ് ചരിത്രരേഖകൾ പറയുന്നത്. ബൈബിൾ ഒരു വിഭാഗത്തിന്റെ വേദഗ്രന്ഥമാണെങ്കിലും അതിനെ ഒരു ചരിത്രരേഖയായി കൂടി കാണുന്നവരുണ്ട്. കാരണം പ്രപഞ്ചോൽപത്തി മുതൽ വിവിധ കാലങ്ങളിലുള്ള ചരിത്രം പലർ പലപ്പോഴായി ക്രമത്തിൽ എഴുതിയതാണു ബൈബിൾ എന്നാണ് ചില ക്രൈസ്തവ പണ്ഡിത പക്ഷം. ഇത് ഒരു ചരിത്രരേഖയായി നാം പരിഗണിക്കുകയാണെങ്കിൽ, ബൈബിൾ പഴയനിയമത്തിൽ പുറപ്പാട് പുസ്തകത്തിൽ 18ാം അധ്യായത്തിൽ മോശെ പ്രവാചകന്റെ കാലത്ത് ഉണ്ടായ പ്ലേഗുകളെക്കുറിച്ച പരാമർശം കാണാൻ സാധിക്കും. ഏകദൈവമായ യഹോവ ഈജിപ്തുകാരെ 10 തരം പ്ലേഗുകൾ കൊണ്ട് ശിക്ഷിച്ചു എന്നാണ് അവിടെ പറയുന്നത്. എന്നാൽ ഇതിൽ പറയപ്പെട്ട വിവരണ പ്രകാരം ഈ 10 എണ്ണത്തിൽ പലതും രോഗങ്ങൾ പോലുമല്ല. വെള്ളപ്പൊക്കത്തെയും വരൾച്ചയെയുമൊക്കെ മൊത്തത്തിൽ പ്ലേഗ് എന്നാണു പുറപ്പാട് പുസ്തകത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. അപ്പോൾ ശിക്ഷകളെ മൊത്തത്തിൽ 'പ്ലേഗ്' എന്ന് വിളിക്കുന്നതാണ് പഴയനിയമ ബൈബിളിന്റെ ശൈലി. എന്നാൽ അങ്ങിങ്ങായി പകരുന്ന ചില രോഗങ്ങളെ പറ്റി ലേവ്യ പുസ്തകത്തിലും മറ്റും അവ്യക്തമായ പരാമർശങ്ങളും കാണാം.

ഇനി പുതിയനിയമത്തിലേക്ക് വന്നാൽ രോഗങ്ങളുടെ ചിത്രം ഒന്നു കൂടി വ്യക്തമാണ്. യേശുക്രിസ്തു കർത്താവിന്റെ അനുമതിയോടുകൂടി പ്ലേഗ്, കുഷ്ഠം, വെള്ളപ്പാണ്ഡ് എന്നീ രോഗങ്ങളെ സുഖപ്പെടുത്തിയതായി പുതിയനിയമത്തിൽ പറയുന്നുണ്ട്. (സാന്ദർഭികമായി പറയട്ടെ, പ്ലേഗും കുഷ്ഠവും പകർച്ചവ്യാധിയാണ്, എന്നാൽ വെള്ളപ്പാണ്ഡ് പകർച്ചവ്യാധിയല്ല, അവരുമായി സമ്പർക്കത്തിലേർപ്പെടുന്നതിൽ കുഴപ്പമില്ല). മുകളിൽ പറയപ്പെട്ട പകർച്ചവ്യാധികൾ ഏതുതരം രോഗമായിരുന്നുവെന്നോ എത്രമാത്രം ആളുകളെയും സ്ഥലങ്ങളെയും അത് ബാധിച്ചിരുന്നുവെന്നോ എത്ര ആളുകൾ മരണപ്പെട്ടിരുന്നുവെന്നോ എവിടെയും വ്യക്തമായ രേഖകളില്ല.

## ചരിത്ര പുസ്തകങ്ങളിൽ എഴുതപ്പെട്ട മഹാമാരികൾ


ഒരു ചെറിയ ഭൂപ്രദേശത്ത് മാത്രമായി ചുരുങ്ങിയ സമയം മാത്രം പടരുന്ന രോഗങ്ങളാണു പകർച്ച വ്യാധികൾ (Epidemics) എന്ന് പറയുന്നത്. എന്നാൽ ഇതേ പകർച്ചവ്യാധി തന്നെ അനിയന്ത്രിതമാം വിധം പടർന്ന് ഒരു രാജ്യത്തെ ആകമാനമോ മറ്റു രാജ്യങ്ങളിലേക്കോ ഭൂഖണ്ഡങ്ങളിലേക്കോ വ്യാപിക്കുകയും അസംഖ്യം ജീവനുകളെ അനിയന്ത്രിതമാംവിധം കൊന്നൊടുക്കുകയോ ചെയ്യുകയാണെങ്കിൽ അതിനെ ഒരു മഹാമാരിയായി (Pandemic) കണക്കാക്കാം.



പകർച്ച വ്യാധികൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. അവ മുഴുവൻ എണ്ണിത്തിട്ടപ്പെടുത്തുക പ്രായോഗികമല്ല. എന്നാൽ അവയിൽ വളരെ ചുരുക്കം മാത്രമെ 'മഹാമാരികൾ' ആയി എണ്ണപ്പെട്ടിട്ടുള്ളൂ. അവ ഏതൊക്കെയെന്ന് പരിശോധിക്കാം:

### (1) ഗ്രീസിലെ ഏഥൻസിൽ ഉണ്ടായ മഹാമാരി (ബി.സി 430)

ഗ്രീസിലെ രണ്ട് സൈനിക ശക്തികളായിരുന്നു അഥീനിയക്കാരും (Athenians) സ്പാർട്ടക്കാരും (Spartans). ഇവർ തുല്യശക്തികളും അതേസമയം ബദ്ധവൈരികളുമായിരുന്നു. ഇവർ തമ്മിൽ പലപ്പോഴായി യുദ്ധങ്ങളുണ്ടായിട്ടുണ്ട്. ഏറ്റവും ഒടുവിലെ യുദ്ധമാണ് ഗ്രീക്ക് ചരിത്രത്തിൽ ഏറെ പ്രസിദ്ധമായ പെലോപൊന്നേഷ്യൻ യുദ്ധം (Polopponnesian War). ഈ യുദ്ധത്തിനോടനുബന്ധിച്ചു അഥീനിയക്കാരുടെ സാമ്രാജ്യത്തിൽ ഒരു മഹാമാരി പടരാൻ തുടങ്ങി. ഈ വ്യാധി 5 വർഷത്തോളം നീണ്ടുനിന്നു. അതിൽ ഏകദേശം 1 ലക്ഷം അഥീനക്കലർ മരിച്ചു എന്നാണു കണക്ക്. ഈ സന്ദർഭം മുതലെടുത്ത് സ്പാർട്ടക്കാർ ഇവരെ ആക്രമിക്കുകയും അഥീന സാമ്രാജ്യം കീഴടക്കുകയും ചെയ്തു. ഇതോടെ ഗ്രീസിന്റെ നിയന്ത്രണം സ്പാർട്ടക്കാരുടെ കൈപ്പിടിയിലൊതുങ്ങുകയും അഥീനക്കാർ നാമാവശേഷമാവുകയും ചെയ്തു. ഇവിടെ പടർന്നുപിടിച്ച രോഗത്തിന്റെ ലക്ഷണങ്ങൾ അക്കാലത്ത് ഗ്രീസിൽ ജീവിച്ചിരുന്ന ചരിത്രകാരനായ തുസൈഡിഡസ് എഴുതിയിട്ടുണ്ട്. ആ ലക്ഷണങ്ങളെ വിശകലം ചെയ്ത് അന്ന് പടർന്നുപിടിച്ചത് എബോളയോ അല്ലെങ്കിൽ ടൈഫോയിഡോ ആയിരിക്കാൻ സാധ്യതയുണ്ടെന്ന് ചിലർ അനുമാനിച്ചിരുന്നു. 2006ൽ ഏഥൻസ് യൂണിവേഴ്സിറ്റിയിലെ ചില ശാസ്ത്രജ്ഞന്മാർ ഏഥൻസിലെ ഒരു കുഴിമാടത്തിൽ നിന്ന് കിട്ടിയ അനേകം അസ്ഥികൂടങ്ങളിൽ നടത്തിയ പഠനങ്ങളിൽനിന്ന് അത് അഥീനക്കാരുടേതായിരുന്നുവെന്നും അവരെ ബാധിച്ചത് ടൈഫോയിഡ് ആയിരുന്നുവെന്നും വെളിപ്പെടുത്തി.



### (2) റോമിലെ മഹാമാരി (എ.ഡി. 165-180)

ഗ്രീസിനെപ്പോലെ തന്നെ അന്നത്തെ ഒരു ശക്തിയായിരുന്നു റോം. എ.ഡി 165ൽ ഒരു യുദ്ധം കഴിഞ്ഞു മടങ്ങിയെത്തിയ റോമിന്റെ സൈനികർക്കിടയിൽ വസൂരി രോഗം പടർന്നുപിടിച്ചു. ഇത് ശത്രുരാജ്യത്ത് നിന്ന് കിട്ടിയതായിരിക്കാമെന്നാണു നിഗമനം. ഇതിൽ ഏകദേശം 5 മില്യൺ (50 ലക്ഷം) പടയാളികൾ മരിച്ചു. ഈ മഹാമാരിക്ക് ശേഷം റോമാസാമ്രാജ്യത്തിന്റെ ശക്തി അസ്തമിക്കുകയും ഒപ്പം ക്രിസ്തുമതം റോമിലെ പ്രബല മതമായി ഉദയം കൊള്ളുകയും ചെയ്തു. (ഇതേ റോം ഉൾക്കൊള്ളുന്ന ഇറ്റലിയിലാണ് ഇപ്പോൾ കൊറോണ അഥവ കോവിഡ് 19 ഏറ്റവും കൂടുതൽ മരണം വിതച്ചുകൊണ്ടിരിക്കുന്നത്).

### (3) റോമിലെ രണ്ടാം മഹാമാരി (എ.ഡി. 250)

എ.ഡി. 180 ലെ വസൂരിക്ക് ശേഷം ഏകദേശം 75 വർഷം കഴിഞ്ഞ് റോമിൽ മറ്റൊരു വ്യാധി കൂടി പടർന്നു. ഇതിൽ ദിനേന 5000ത്തോളം ആളുകൾ മരിച്ചുവീണിരുന്നു എന്നാണ് കണക്ക്. ഇത് എന്തു രോഗമാണെന്ന് വ്യക്തമല്ല. ഇതിനെക്കുറിച്ച് അന്നത്തെ ക്രൈസ്തവ പുരോഹിതനായ സൈപ്രസ് പറഞ്ഞത് 'ഇത് ബൈബിളിൽ പറയപ്പെട്ട ലോകാവസാനമാണ്' എന്നാണ്! ഈ പുരോഹിതനിലേക്ക് ചേർത്തിക്കൊണ്ട് ഈ സംഭവം 'സൈപ്രിയൻ മഹാമാരി' എന്നും വിളിക്കപ്പെടുന്നു.

### (4) ബൈസാന്റൈനിലെ മഹാമാരി (എ.ഡി. 541-750)

റോമിന്റെ കിഴക്കുഭാഗത്തുള്ള കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കിയായിരുന്നു ബൈസാന്റൈൻ (Byzantine) സാമ്രാജ്യം. എ.ഡി 527 മുതൽ 565 വരെ അവിടുത്തെ ചക്രവർത്തിയായിരുന്നു ജസ്റ്റീനിയൻ. ഇദ്ദേഹം അന്നത്തെ ഏഷ്യയുടെയും യൂറോപ്പിന്റെയും വലിയൊരു ഭാഗം വെട്ടിപ്പിടിച്ചു തന്റെ അധികാരവരുതിയിൽ കൊണ്ടുവന്ന് സാമ്രാജ്യം വികസിപ്പിച്ചു. എന്നാൽ അധികം താമസിയാതെ (എ.ഡി. 541ൽ) അവിടെ പ്ലേഗ് പടർന്നുപിടിച്ചു. ഇത് അദ്ദേഹത്തിന്റെ സാമ്രാജ്യത്തിനകത്തും പിന്നീട് പുറത്തും വ്യാപിച്ചു. വർഷങ്ങളോളം (541-750) ലോകത്തിന്റെ

പല ഭാഗങ്ങളിൽ ഈ പ്ലേഗ് നീണ്ടുനിന്നു. ബൈസാന്റിയൻ ചരിത്രകാരൻ Procopiusന്റെ ചരിത്ര വിവരണത്തിൽ പറയുന്നത് ഓരോ ദിവസവും 10,000 ങ്ങൾ മരിച്ചുവീണു എന്നാണ്. ലോക ജനസംഖ്യയുടെ നാലിലൊന്ന് ഈ പ്ലേഗ് ഇല്ലാതാക്കി എന്ന് പറയപ്പെടുന്നു.

ഈ ജസ്റ്റീനിയൻ പ്ലേഗിന്റെ തുടർച്ചയായിരുന്നു ഉമറി﷛ന്റെ കാലത്ത് (എ.ഡി 639ൽ) അംവാസിൽ പടർന്നുപിടിച്ച പ്ലേഗ് എന്ന് ചിലർ അനുമാനിക്കുന്നുണ്ട്. അംവാസിൽ പടർന്ന പ്ലേഗിൽ പ്രമുഖരായ പല പ്രവാചകാനുചരന്മാരും മരണപ്പെട്ടു. അംവാസിൽ മാത്രം 25,000 ഓളം പേർ മരിച്ചു.

### (5) യൂറോപ്പിനെ ബാധിച്ച മഹാമാരി (എ.ഡി. 1346)

ഇതാണ് ഇന്നുവരെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും കൂടുതൽ ആളുകൾ മരിച്ച മഹാമാരി. എലിച്ചെള്ളുകൾ വഴി പടർന്ന പ്ലേഗ് ആയിരുന്നു ഇത്. ഏഷ്യയിൽനിന്ന് തുടങ്ങിയ പ്ലേഗ് പിന്നീട് യൂറോപ്പിലേക്ക് കത്തിപ്പടരുകയായിരുന്നു.

യൂറോപ്പിന്റെ പല ഭാഗങ്ങളിലായി 100ഓളം ചെറിയ ചെറിയ പ്ലേഗുബാധകൾ അങ്ങിങ്ങായി പലപ്പോഴായി ഉണ്ടായി. 1361നും 1480 നും ഇടയ്ക്ക് ഇംഗ്ലണ്ടിൽ മാത്രം ഓരോ രണ്ട് വർഷത്തിനിടക്കും പ്ലേഗുബാധ ഉണ്ടായിരുന്നു.


ഏകദേശം 150 200 മില്യൺ (20 കോടി) ജനങ്ങൾ മരിച്ചു എന്നാണു കണക്ക്. അതായത് ഏകദേശം അന്നത്തെ യൂറോപ്യൻ ജനസംഖ്യയുടെ 50 ശതമാനത്തിനു മുകളിൽ! ഇത് രണ്ടാം ലോക മഹായുദ്ധത്തിലെ മൊത്തം മരണ സംഖ്യയെക്കാൾ കൂടുതലാണ്. ഇതിനെ തുടർന്ന് യൂറോപ്പിൽ വമ്പിച്ച തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടായി.

ഈ പ്ലേഗ് Black Death എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്.

### (6) മെക്സിക്കോയിലും മധ്യ അമേരിക്കയിലും പടർന്ന മഹാമാരി (എ.ഡി. 1545)

15 ദശലക്ഷം ആളുകളെ കൊന്നൊടുക്കിയ ഈ പകർച്ചവ്യാധി ഒരുതരം വൈറൽപനി ആണെന്നായിരുന്നു കരുതപ്പെട്ടിരുന്നത്. എന്നാൽ ഈയിടെയായി ആ പ്രദേശത്തുനിന്ന് കിട്ടിയ അസ്ഥികൂടങ്ങളിൽ നടത്തിയ ഡി.എൻ.എ. പഠനങ്ങളിൽനിന്ന് മനസ്സിലാകുന്നത് അവരെ ബാധിച്ചത് ടൈഫോയിഡ് ആയിരുന്നു എന്നാണ്.

ഇത് കൂടാതെ 16ാം നൂറ്റാണ്ടിൽ തന്നെ കിഴക്കൻ അമേരിക്കയിൽ വ്യാപകമായി വസൂരിയും പടർന്നുപിടിച്ചു. അക്കാലത്ത് അവിടെ തദ്ദേശവാസികളായ രണ്ട് സംസ്കാരങ്ങളായിരുന്നു ഇൻകൻ ജനതയും ആസ്ടെക് ജനതയും. ഈ വസൂരി ഈ രണ്ട് ജനവിഭാഗങ്ങളുടെയും 90 ശതമാനത്തോളം നശിപ്പിച്ചുകളഞ്ഞു എന്നാണു ചരിത്രം. വസൂരി ബാധയിൽ ക്ഷീണിച്ച തക്കം നോക്കി സ്പെയിൻ സൈന്യം ഇവരെ 1519ൽ ആക്രമിക്കുകയും കോളനി സ്ഥാപിക്കുകയും ചെയ്തു. വസൂരിയും അതിനെ തുടർന്നുള്ള സ്പാനിഷ് ആക്രമണവുമാണ് ഇൻകൻ, ആസ്ടെക് ജനതയെ ഇല്ലാതാക്കിയത്.




### (7) ടൈഫസ് പനി (1618–1648).

ഇത് 'കപ്പൽ പനി' (Ship fever) എന്നൊരു പേരിൽ കൂടി മുൻകാലത്ത് അറിയപ്പെട്ടിരുന്നു. മുൻ കാലത്ത് നാവികയുദ്ധത്തിനു വേണ്ടി കപ്പലിൽ യാത്ര ചെയ്തിരുന്ന സൈനികർക്ക് ഈ രോഗം ബാധിച്ചത് കൊണ്ടാണ് ഇങ്ങനെ വിളിക്കപ്പെട്ടത്. 1618ൽ ജർമനിയിൽ മാത്രം ടൈഫസ് പനിയും പ്ലേഗും കാരണത്താൽ 80 ലക്ഷം ആളുകൾ മരണമടഞ്ഞിട്ടുണ്ടെന്നാണു കണക്ക്.

1812ൽ ഫ്രെഞ്ച് യുദ്ധവീരനായ നെപ്പോളിയൻ ബോണോപാർട്ട് റഷ്യയെ ആക്രമിച്ച സമയത്ത് അദ്ദേഹത്തെ സൈന്യത്തിൽ വലിയൊരു ഭാഗത്തിനു 'ടൈഫസ്' പനിയുണ്ടായി. അതുകാരണം ഈ യുദ്ധത്തിൽ നെപ്പോളിയനും സൈന്യവും തോറ്റ് മടങ്ങുകയാണുണ്ടായത്. 4 ലക്ഷം സൈനികരിൽ 40,000 പേർ മാത്രമാണ് അദ്ദേഹത്തിന്റെ കൂടെ ഫ്രാൻസിലേക്ക് തിരിച്ചുവന്നത്. അടുത്ത വർഷം (1813) വീണ്ടും ശക്തിസംഭരിച്ച് 5 ലക്ഷം സൈനികരുമായി നെപ്പോളി



യൻ റഷ്യയെ ആക്രമിച്ചു. ഇത്തവണയും നെപ്പോളിയന്റെ സൈന്യത്തെ അതേ ടൈഫസ് പനി ബാധിക്കുകയും 2 ലക്ഷം ആളുകൾ വീണ്ടും മരിക്കുകയും ചെയ്തു. എന്നാൽ ഇത്തവണ നിശ്ചയദാർഢ്യത്തോടെ നിലകൊണ്ട നെപ്പോളിയനും സൈന്യവും റഷ്യയെ തോൽപ്പിക്കുക തന്നെ ചെയ്തു എന്നതാണ് ചരിത്രം.

**(8) ലണ്ടനിൽ പടർന്ന പ്ലേഗ് (1665-1666)**

ഇത് നാം മുമ്പ് സൂചിപ്പിച്ച യൂറോപ്യൻ പ്ലേഗിന്റെ തുടർച്ചയാണെന്ന് പറയപ്പെടുന്നു. എലികൾ പടർത്തുന്ന എലിച്ചെള്ളുകളാണ് ഇതിന്റെ Yersinia pestis എന്ന ബാക്റ്റീരിയയെ കൊണ്ട് നടക്കുന്നത്. ഏകദേശം ഒരു ലക്ഷം ജനങ്ങൾ (അന്നത്തെ ലണ്ടൻ ജനതയുടെ 15 ശതമാനം) പ്ലേഗ് ബാധിച്ച് മരണപ്പെട്ടു.

**(9) ഫ്രാൻസിലെ മഹാമാരി (1720-1723)**

1720ൽ ഫ്രാൻസിലെ മാർസ്സിയെൽ തുറമുഖത്ത് കച്ചവടച്ചരക്കുമായി വന്ന ഒരു കപ്പലിൽ നിന്നുള്ള എലികൾ വഴി മാർസ്സിയെലിൽ പ്ലേഗ് ആരംഭിച്ചു. ഇത് പിന്നീട് അടുത്തുള്ള മറ്റനേകം ഭാഗങ്ങളിലെ ആളുകൾക്ക് കൂടി പടരുകയും 3 വർഷം കൊണ്ട് ഏകദേശം 1 ലക്ഷം ആളുകൾ മരണപ്പെടുകയും ചെയ്തു.

**(10) റഷ്യയിലെ പ്ലേഗ് (1770-1772)**

റഷ്യയിലെ മോസ്കോവിൽ പ്ലേഗ് ബാധിച്ച് നിരീക്ഷണത്തിലിരുന്നിരുന്ന ചിലരിൽ നിന്നാണ് ഈ പ്ലേഗ് പടർന്നത് എന്നാണു നിഗമനം. ഇതിൽ രണ്ടു വർഷംകൊണ്ട് ഏകദേശം 1 ലക്ഷം ആളുകൾ മരിച്ചു.

**(11) ഇന്ത്യയിൽ ആരംഭിച്ച കോളറ (1817)**

ബംഗാളിൽ ആരംഭിച്ചു. പിന്നീട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു. അന്ന് 10,000 ബ്രിട്ടീഷ് സൈനികർ ഈ കോളറ ബാധിച്ച് മരിച്ചു. 1817നും 1860നും ഇടയ്ക്ക് ഇന്ത്യയിൽ മാത്രം 15 മില്യൺ ആളുകൾ മരിച്ചു. അഞ്ചുവർഷത്തിനു ശേഷം ഈ കോളറ വീണ്ടും ഇന്ത്യയിൽ പൊട്ടിപ്പുറപ്പെട്ടു. 1917 വരെ നീണ്ടു നിന്ന ഇതിൽ 23 മില്യൺ ആളുകൾ മരിച്ചു.

ഇത് ഇന്ത്യയിൽ മാത്രം ഒതുങ്ങി നിന്നില്ല. മാലപ്പടക്കത്തിനു തീകൊളുത്തിയതുപോലെ ഈ കോളറ പിന്നീട് ലോകത്തിന്റെ പല ഭാഗങ്ങളിൽ പടർന്നുപിടിച്ചു. ഇന്തോനേഷ്യയിൽ ജാവ ദ്വീപിൽ ഒരു ലക്ഷം ആളുകൾ മരിച്ചു. ഇന്ത്യയിൽ ബാധിച്ച അതേസമയം റഷ്യയിലുമുണ്ടായി. 1846നും 1860 നുമിടക്ക് അവിടെ 10 ലക്ഷം ആളുകൾ മരണപ്പെട്ടു. ഹംഗറിയിൽ ഒരു ലക്ഷം പേരും ബ്രിട്ടണിൽ (1832) 55,000 പേരും അമേരിക്കയിൽ (1832) ഒന്നരലക്ഷം പേരും മെക്സിക്കോയിൽ രണ്ടുലക്ഷം പേരും സ്പൈനിൽ രണ്ടര ലക്ഷം പേരും കോളറ ബാധിച്ച് മരണപ്പെട്ടു. ഇക്കാലത്ത് മക്കയിൽ ഹജ്ജ് തീർഥാടകരായ 30,000 പേരെ കോളറ ബാധിച്ചു.

**(12) റഷ്യയിലെ ഫ്ളൂ (1889-1890)**

റഷ്യയിലെ സെന്റ് പീറ്റേർസ്സ്ബർഗിലാണ് ആദ്യമായി രോഗം റിപ്പോർട്ടുചെയ്യപ്പെട്ടത്. (ഉസ്ബക്കിസ്ഥാനിലെ ബുഖാറയിൽ നിന്നാണെന്നും ഒരു അഭിപ്രായമുണ്ട്). പിന്നീട് കേവലം ചില മാസങ്ങൾ കൊണ്ട് അത് റഷ്യയും കടന്ന് മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും 10 ലക്ഷം ആളുകളുടെ മരണത്തിനു കാരണമാകുകയും ചെയ്തു.

**(13) സ്പാനിഷ് ഫ്ളൂ (1918-1920)**

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഒരു കൊടുങ്കാറ്റുകണക്കെ ഇത് പടർന്നുപിടിച്ചു. യു.എസ്.

സൈനികരിലാണ് ആദ്യം ഈ രോഗം കൂട്ടമായി കാണപ്പെട്ടത്. ഏകദേശം 5 കോടി ആളുകൾ മരിച്ചു, അതിൽ 1.7 കോടിയോളം മരണം ഇന്ത്യയിലായിരുന്നു. പേരു പോലെ (Spanish flu) ഇത് സ്പെയിനിൽ നിന്നല്ല ആരംഭിച്ചത്. സ്പെയിനിലെ ഒരു പത്രമാധ്യമായിരുന്നു ഇത് ആദ്യം റിപ്പോർട്ട് ചെയ്തത് എന്നതുകൊണ്ട് ഇത് പിന്നീട് സ്പാനിഷ് ഫ്ളൂ എന്ന പേരിൽ അറിയപ്പെട്ടു എന്ന് മാത്രം.

### (14) ഏഷ്യൻ ഫ്ളൂ (1957-1958)

ചൈനയിൽ നിന്നാണ് ഇതിന്റെ ആരംഭം. ചില പക്ഷികളിൽ നിന്നുള്ള വൈറസാണ് കാരണം എന്നാണു നിഗമനം. ഇത് ചൈനയിൽ പടരുകയും പിന്നീട് സിംഗപ്പൂരിലേക്കും അമേരിക്കയിലേക്കും കൂടി പകരുകയും ചെയ്തു. ആകെ 20 ലക്ഷം പേർ മരണപ്പെട്ടു.

### (15) ഹോങ്കോങ്ങ് ഫ്ളൂ (1968)

ഹോങ്കോങ്ങിൽ നിന്നാരംഭിച്ച് അമേരിക്കയിലെക്കും പിന്നീട് ലോകത്തിന്റെ മറ്റ് പല ഭാഗങ്ങളിലേക്കും പടർന്നു. ആകെ മരണപ്പെട്ടവർ 10 ലക്ഷം പേർ.

### (16) വസൂരി എന്ന മഹാമാരി

വസൂരിക്ക് എത്ര കാലപ്പഴക്കം ഉണ്ടെന്ന് നിശ്ചയിക്കുക വയ്യ. അത് യേശുക്രിസ്തുവിനും മുന്നെ തന്നെ ഉണ്ടായിരുന്നു എന്ന് മാത്രമാണ് ചരിത്രം പറയുന്നത്. 18ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഓരോ വർഷവും 4 ലക്ഷം പേർ വീതം വസൂരികൊണ്ട് മരിച്ചിരുന്നു എന്നാണു പറയപ്പെടുന്നത്. 20ാം നൂറ്റാണ്ടിൽ വസൂരി അതിന്റെ പാരമ്യതയിലെത്തിയ സമയമായിരുന്നു. 20ാം നൂറ്റാണ്ടിൽ മാത്രം ലോകത്താകമാനം 300 മുതൽ 500 മില്യൻ ആളുകൾ വസൂരിമൂലം മരിച്ചു. 1979ൽ ലോകാരോഗ്യ സംഘടന വസൂരിയെ പൂർണമായും ലോകത്തുനിന്ന് തുടച്ചുനീക്കിയതായി പ്രഖ്യാപിച്ചു. പഴമക്കാർക്ക് വസൂരിയുടെ ചരിത്രം ഇന്നും ഒരു ഭീതിയോടെ മാത്രമെ ഓർക്കാൻ കഴിയൂ.



### (17) എയിഡ്സ് മഹാമാരി (1981)

ആഫ്രിക്കയിൽനിന്ന് ഉൽഭവം. എച്ച്.ഐ.വിയാണ് ഇതിനു കാരണക്കാരനായ വൈറസ്. ചിമ്പാൻസിയിൽനിന്നാണ് ഈ വൈറസ് മനുഷ്യനിലേക്ക് പടർന്നതെന്ന് പറയപ്പെടുന്നു. മുഖ്യമായും ലൈംഗിക ബന്ധത്തിലൂടെയാണ് ഇത് പകരുക. ഇന്ന് ലോകത്ത് ഏകദേശം 4 കോടി എയിഡ്സ് രോഗികൾ ഉണ്ട്. ഇവരിൽ 60 ശതമാനവും ആഫ്രിക്കൻ ഭൂഖണ്ഡത്തിലുള്ളവരാണ്. ഈ രോഗത്തിന് ഇന്നും പൂർണമായി മാറ്റാനുള്ള മരുന്നില്ല. എന്നാൽ മരണനിരക്ക് കുറവാണ്. ഒരു എയിഡ്സ് രോഗിക്ക് ചികിൽസ കൊണ്ട് ഏകദേശം മറ്റുമനുഷ്യരുടെ അത്ര തന്നെ കാലം ജീവിക്കാം.

### (18) പന്നിപ്പനി (2009-2010)

എച്ച് 1 എൻ 1 വൈറസ് ആണ് ഇത് പടർത്തുന്നത്. മെക്സിക്കോയിൽ നിന്നാണു തുടക്കം. പിന്നീട് മറ്റുരാജ്യങ്ങളിലേക്കും വ്യാപിച്ചു. 5 ലക്ഷത്തോളം ആളുകൾ മരണപ്പെട്ടു.

### (19) എബോള വൈറസ് (2014-2016)

ഇത് കാര്യമായി ബാധിച്ചത് ആഫ്രിക്കൻ രാജ്യങ്ങളെയായിരുന്നു. ഗിനിയയിൽ നിന്ന് തുടങ്ങി പിന്നീട് ലൈബീരിയ, നൈജീരിയ, മാലി, സെനെഗൽ എന്നിവിടങ്ങളിൽ പടർന്ന ശേഷം അത് അമേരിക്കയുടെയും യൂറോപ്പിന്റെയും കൂടി ചില ഭാഗങ്ങളെ ബാധിച്ചു. 28,000 പേരെ ബാധിച്ചു. അതിൽ 11,000 പേർ മരിച്ചു. ഈ അസുഖത്തിന് ഇന്നും മരുന്ന് കണ്ടുപിടിച്ചിട്ടില്ല.

### (20) സിക്ക(Zika) വൈറസ് (2015)

കൊതുകിലൂടെ പരക്കുന്നു. കാര്യമായി ഗർഭസ്ഥശിശുക്കളെയുമാണു ബാധിക്കുക. ഇത് ബാധിച്ച കുഞ്ഞ് വൈകല്യങ്ങളോടെയാണു ജനിക്കുക. ഈ രോഗം പ്രധാനമായും പരന്നത് ദക്ഷിണ അമേരിക്കൻ പ്രദേശങ്ങളിലാണ്.

### (21) Corona Virus Disease 2019 (COVID 19)

ചൈനയിലെ ഹൂബെ പ്രവിശ്യയുടെ തലസ്ഥാനമായ വുഹാനിൽ നിന്നാണ് തുടക്കം. ഉൽഭവകാരണം വ്യക്തമല്ല. മൃഗങ്ങളിൽനിന്നാണെന്നും വവ്വാലിൽ നിന്നാണെന്നും പറയപ്പെടുന്നു. സംഭവം ഇങ്ങനെ: വുഹാൻ പ്രവിശ്യയിൽ കുറെപേർ ശ്വാസകോശവുമായി ബന്ധപ്പെട്ട ഒരേപോലുള്ള രോഗലക്ഷണങ്ങളുമായി പ്രത്യക്ഷപ്പെടുന്നു. പെട്ടെന്ന് ധാരാളം പേർക്ക് പടർന്ന് പിടിക്കുന്നു. ഇതേ കുറിച്ച് നടന്ന പഠനത്തിൽ ഈ രോഗത്തിനു കാരണം കൊറോണ വിഭാഗത്തിൽ പെട്ട ഒരു വൈറസ് ആണെന്ന് കണ്ടെത്തുന്നു. ഇതിനകം രോഗം ചൈനയുടെ വലിയൊരു വിഭാഗം ജനതയെ ആക്രമിച്ചുകഴിഞ്ഞിരുന്നു. ചൈനയിൽ നിന്ന് പുറംരാജ്യങ്ങളിലേക്ക് യാത്രചെയ്ത നിരവധിപേർ വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഈ രോഗം എത്തുകയും എത്തിയ രാജ്യങ്ങളിലെല്ലാം അനിയന്ത്രിതമായി പടർന്ന് പിടിക്കുകയും ചെയ്യുന്നു.

ലോകത്തെ 195 രാജ്യങ്ങളിൽ വിരലിലെണ്ണാവുന്ന കുറച്ച് രാജ്യങ്ങളിലൊഴികെ മറ്റിടത്തെല്ലാം ഇന്ന് കോവിഡ് 19 പടർന്ന് കഴിഞ്ഞു. ലോകത്ത് മുമ്പുണ്ടായ ഒരു മഹാമാരിയും ഇത്രയധികം രാജ്യങ്ങളിൽ; അതും ഇത്ര ചുരുങ്ങിയ സമയം കൊണ്ട് പടർന്നിട്ടില്ല. ഇതിനുള്ള കാരണങ്ങൾ പലതാകാം. മുൻ കാലങ്ങളിൽ ഇല്ലാത്തവിധം വൈമാനികയാത്രകൾ വർധിച്ചത് മൂലം രാജ്യങ്ങൾ തമ്മിലുള്ള അകലവും യാത്രാസമയവും കുറഞ്ഞത് ഒരു കാരണമാകാം. ഏതായാലും കോവിഡ്മൂലമുള്ള മരണസാധ്യത വളരെ കുറവാണ് (5 ശതമാനത്തിൽ താഴെ) എന്നത് മാത്രമാണ് ഇതിൽ ആശ്വാസകരമായ ഒരു കാര്യം.

2020 മാർച്ച് 11ന് WHO ഇതൊരു മഹാമാരിയായി (Pandemic) പ്രഖ്യാപിച്ചു. ഈ ലേഖനം എഴുതുന്ന സമയത്ത് ലോകത്താകമാനമുള്ള കോവിഡ് ബാധിതരുടെ എണ്ണം ഏകദേശം 7 ലക്ഷം ആയിട്ടുണ്ട്. മരണസംഖ്യ 30,000 കവിഞ്ഞിരിക്കുന്നു. ഏറ്റവും മരണം സംഭവിച്ചിരിക്കുന്നത് ചൈന, ഇറ്റലി, ഇറാൻ, സ്പെയിൻ എന്നിവിടങ്ങളിലാണ്. എന്നാൽ അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, ജർമനി എന്നിവിടങ്ങളിലെ മരണനിരക്ക് ചൈനയെയും ഇറ്റലിയെയും മറികടന്നേക്കാം എന്നാണ് പഠനങ്ങൾ പറയുന്നത്. ഇന്ത്യയിലും ഈ രോഗം എത്തിക്കഴിഞ്ഞു. മാർച്ച് 30ലെ കണക്കു പ്രകാരം ഇന്ത്യയിൽ 1000 പേർക്ക് ബാധിച്ചിട്ടുണ്ട്. 25 മരണം സംഭവിച്ചു. പനി, ചുമ, ശ്വാസതടസ്സം, വയറിളക്കം എന്നിവയാണു പ്രധാനപ്പെട്ട ലക്ഷണങ്ങൾ. മരുന്നുകളോ വാക്സിനുകളോ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

### ക്വാറന്റൈനും(Quarantine) പ്രവാചകചര്യയും

ഏതൊരു പകർച്ചവ്യാധിയും വന്നതിനു ശേഷം ചികിത്സിക്കുന്നതിനെക്കാൾ നല്ലത് വരാതെ നോക്കുന്നതാണ് എന്ന കാര്യം അറിയപ്പെട്ടതാണല്ലോ. പകർച്ചവ്യാധികൾ പകരാതിരിക്കാൻ വൈദ്യശാസ്ത്രം നിർദേശിക്കുന്ന ഒരു മാർഗമാണു രോഗം ബാധിച്ച വ്യക്തിയെ മറ്റുള്ളവരിൽ നിന്ന് വേറിട്ട് നിർത്തൽ. ഇതിനു 'ക്വാറന്റൈൻ' എന്ന് പറയുന്നു. ഈ വാക്കിനു പിന്നിലും ഒരു ചരിത്രമുണ്ട്. ഈ ഇംഗ്ലിഷ് വാക്ക് ഉണ്ടായത് 14ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്ലേഗ് നാശംവിതച്ച സമയത്താണ്. ഇറ്റലിയിലെ വ്യാപാര തുറമുഖമായ വെനീസിൽ മറ്റു രാജ്യങ്ങളിൽനിന്ന് വന്ന ചരക്ക്



കപ്പലുകൾ പ്ലേഗ് വാഹകരാണെന്നസംശയത്താൽ 40 ദിവസം വെനീസ് തീരത്ത് നിർത്തിയ ശേഷം യാത്രക്കാരിൽ ആർക്കും രോഗമില്ലെന്ന് ബോധ്യപ്പെട്ടാൽ മാത്രമെ കരയിലേക്കടുപ്പിക്കാൻ പാടുള്ളൂ എന്ന് നിയമം വന്നു. 40 എന്നതിന്റെ വെനീഷ്യൻ വാക്കാണ് 'Quaranteno' എന്നത്. അതിൽ നിന്നാണു Quarantine എന്ന ഇംഗ്ളിഷ് വാക്കുണ്ടായത്. എന്നാൽ ഇന്ന് എത്ര ദിവസം രോഗി വിട്ടുനിൽക്കുന്നതിനും ഈ വാക്ക് ഉപയോഗിക്കുന്നു.

പകർച്ച വ്യാധിയുള്ള രോഗിയെ വേറിട്ട് നിർത്തുന്ന രീതിക്ക് എത്ര പഴക്കമുണ്ടെന്നത് വ്യക്തമല്ല. മുഹമ്മദ് നബിﷺ അനുചരന്മാരെ ഇക്കാര്യം പഠിപ്പിച്ചത് കാണാം. അവിടുന്നു പറഞ്ഞു:

“ഒരു നാട്ടിൽ പകർച്ചവ്യാധി ഉണ്ടെന്നറിഞ്ഞാൽ നിങ്ങളങ്ങോട്ട് പ്രവേശിക്കരുത്. ഇനി നിങ്ങളുള്ള നാട്ടിൽ പകർച്ച വ്യാധി ഉണ്ടായാൽ ആ നാടുവിട്ട് നിങ്ങൾ പുറത്ത് പോവുകയുമരുത്” (ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്).

ഇത് മാത്രമല്ല, തുമ്മുമ്പോൾ മുഖം പൊത്തിപ്പിടിക്കണമെന്നും ഭക്ഷണം കഴിക്കുന്നതിനുമുമ്പ് കൈകൾ കഴുകണം, വ്യക്തിശുചിത്വം പാലിക്കണം തുടങ്ങിയ പ്രവാചനാധ്യാപനങ്ങൾ എല്ലാകാലത്തും ഈ കൊറോണ വ്യാപനകാലത്ത് പ്രത്യേകിച്ചും പ്രസക്തമാണ്.

## മഹാമാരിയുടെ ചരിത്രങ്ങളിൽ നമുക്കുള്ള പാഠം

ലോകത്തുള്ള സകലതിന്റെയും നിയന്ത്രണം അല്ലാഹുവിങ്കലാണ്. ലോകത്ത് എന്ത് സംഭവിക്കുന്നുവോ അതെല്ലാം അല്ലാഹുവിന്റെ അറിവോടെയും അതെല്ലാം അവന്റെ വിധിയോടെയും (ക്വളാഅ്) കണക്കോടെയും (ക്വദ്ർ) ആണ്. അവനുദ്ദേശിക്കുന്നവർക്ക് അധികാരവും നിന്ദ്യതയും നൽകുന്നു. രോഗങ്ങളും ശിക്ഷകളും പരീക്ഷണങ്ങളും നൽകുന്നത് അവനാണ്. അവന്റെ കയ്യിലാണു സകലതിന്റെയും താക്കോൽ.

പകർച്ചവ്യാധികൾ അല്ലാഹുവിന്റെ ശിക്ഷയോ പരീക്ഷണമോ എന്ന് നമുക്ക് തീർത്തു പറയുക വയ്യ. അവനുദ്ദേശിക്കുന്നവർക്ക് അത് ഒരു ശിക്ഷയെന്നോണം കൊടുക്കാം, അല്ലാത്തവർക്ക് ഒരു പരീക്ഷണമെന്നോണം നൽകാം. മുകളിലെ ചരിത്രം നാം വായിച്ചാൽ ഒരു കാര്യം വ്യക്തമാണ്; വലിയ വലിയ സാമ്രാജ്യങ്ങളിൽ പലതും നശിച്ചുപോയത് പകർച്ചവ്യാധികൾ കൊണ്ടായിരുന്നു. തോന്നിവാസങ്ങളിലും അധാർമികതകളിലും അഭിരമിച്ച, അഹങ്കരിച്ച എത്രയോ ജനതകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

“ഇവർക്ക് മുമ്പ് നാം പല തലമുറകളെയും നശിപ്പിച്ചിട്ടുണ്ട് എന്ന വസ്തുത ഇവർക്ക് നേർവഴി കാണിച്ചില്ലേ? അവരുടെ വാസസ്ഥലങ്ങളിലൂടെ ഇവർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നല്ലോ! തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. എന്നിട്ടും ഇവർ കേട്ട് മനസ്സിലാക്കുന്നില്ലേ?”(ക്വുർആൻ 32:26).

ഇന്ന് കൊറോണ വ്യാപനത്തിന്റെ കണക്ക് നോക്കുകയാണെങ്കിൽ അത് ഏറ്റവും ബാധിച്ചിട്ടുള്ളത് ലോകത്തെ വൻസാമ്പത്തിക, സാങ്കേതിക ശക്തികളായ രാജ്യങ്ങളെയാണെന്ന് കാണാം. കോറോണ ജനങ്ങളുടെ ശരീരത്തെ മാത്രമല്ല ബാധിക്കുക, ലോകത്തിന്റെ ഒന്നടങ്കം സാമ്പത്തിക മേഖലയെ തന്നെ ഈ കുഞ്ഞൻ വൈറസ് സ്തംഭിപ്പിക്കും. കൊറോണ കാലത്തിനു ശേഷം ഒരു ആഗോള സാമ്പത്തിക പ്രതിസന്ധി കാലം കൂടി വരാനുണ്ടെന്ന് ചുരുക്കം.

നോക്കൂ; ഏറ്റവും ചെറിയ ഒരു സൃഷ്ടിയായ ഒരു വൈറസ് ഈ ഭൂമിയിലെ മനുഷ്യരുടെ മുഴുവൻ സംവിധാനങ്ങളെയും ഒന്നടങ്കം പിടിച്ചുകെട്ടിയതെങ്ങനെയെന്ന്! മനുഷ്യന്റെ ദുർബലതും നിസ്സഹായതയുമാണിത് കാണിക്കുന്നത്, ഒപ്പം മനുഷ്യരുടെ അഹങ്കാരത്തിനു നല്ലൊരു പ്രഹരവും.

ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്ന കൊറോണ എന്ന മഹാമാരി ശത്രുരാജ്യങ്ങൾക്കെതിരെ ചൈന വികസിപ്പിച്ചതാണെന്നു അമേരിക്കയും അതല്ല ചൈനയെയും ഇറാനെയും നശിപ്പിക്കാൻ അമേരിക്ക പടർത്തിയതാണെന്ന് ചൈനയും പരസ്പരം പഴിചാരുന്നത് നാം കാണുന്നു. ഇതിന്റെ സത്യാവസ്ഥ എന്തെന്ന് നമുക്കറിയില്ല. എന്നാൽ ആരു തന്നെ ചെയ്തതാണെങ്കിലും പരസ്പരം പഴിചാരുന്ന രാജ്യങ്ങളടക്കം ലോകത്തുള്ള എല്ലാ രാജ്യങ്ങളും ഒരുമിച്ചാണു ഇന്നീ പ്രത്യാഘാതം അനുഭവിക്കുന്നത്. ഇതിലൊക്കെ ഉറ്റാലോചിക്കുന്നവർക്ക് ഗുണപാഠങ്ങൾ എമ്പാടുമുണ്ട്. അല്ലാഹു പറഞ്ഞത് പോലെ:

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള (അല്ലാഹുവിലേക്ക്) മടങ്ങിയേക്കാം” (ക്വുർആൻ 30:41).

**(അവലംബം)**

ശൈഖ് അബ്ദുറസ്സാഖ് ബിൻ അബ്ദുൽ മുഹ്സിൻ അൽബദർ (ഹഫി)
വിവർത്തനം: സമീർ മുണ്ടേരി





# പകർച്ചവ്യാധികളിൽ നിന്ന് രക്ഷനേടാൻ പത്ത് ഉപദേശങ്ങൾ

**ശൈ**ഖ് അബ്ദുറസ്സാഖ് ബിൻ അബ്ദുൽ മുഹ്സിൻ അൽ ബദർ (ഹഫി) എഴുതിയ "പകർച്ചവ്യാധികളിൽ നിന്നു രക്ഷപ്പെടാനുള്ള പത്ത് ഉപദേശങ്ങൾ" എന്ന ലഘുകൃതിയുടെ ആശയ വിവർത്തനം.

അല്ലാഹുവിനാണ് സർവസ്തുതിയും. അവൻ പ്രയാസമനുഭവിക്കുന്നവന്റെ പ്രാർഥനക്ക് ഉത്തരം നൽകുന്നു. പ്രയാസങ്ങൾ പരിഹരിക്കുന്നു. അവനെ സ്മരിക്കുന്നതുകൊണ്ടല്ലാതെ ഹൃദയങ്ങൾ ജീവസ്സുറ്റതാവുകയില്ല. അവന്റെ അനുവാദമില്ലാതെ ഒരു കാര്യവും നടക്കുകയില്ല. അവന്റെ കാരുണ്യംകൊണ്ടല്ലാതെ ഒരു പ്രയാസത്തിൽനിന്നും രക്ഷനേടാൻ കഴിയുകയില്ല. അവൻ എളുപ്പമാക്കിയാലല്ലാതെ ഒരു ആഗ്രഹവും സഫലമാവുകയില്ല. അവനെ അനുസരിക്കുന്നതിലൂടെയല്ലാതെ സൗഭാഗ്യം ലഭിക്കുകയില്ല.

കൊറോണ എന്ന പേരിൽ അറിയപ്പെടുന്ന പകർച്ചവ്യാധിയുടെ ഭീതിയിൽ കഴിയുന്ന ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ചില ഉപദേശങ്ങളാണ് ഇവ. ഈ പരീക്ഷണം അല്ലാഹു എല്ലാവരിൽ നിന്നും എത്രയും പെട്ടെന്ന് നീക്കിക്കളയട്ടെ.

## ഒന്ന്: പരീക്ഷണം ഉണ്ടാകുന്നതിന് മുമ്പ് പറയേണ്ടത്

ഉസ്മാൻ ബിൻ അഫ്ഫാൻ﷛ പറഞ്ഞു: നബിﷺ പറയുന്നത് ഞാൻ കേട്ടു: "അല്ലാഹുവിന്റെ നാമത്തിൽ. അവന്റെ നാമം (സ്മരിക്കുന്നതോടെ) ഭൂമിയിലും ആകാശത്തിലും യാതൊന്നും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്ന വനും അറിയുന്നവനുമാകുന്നു."

ഈ പ്രാർഥന മൂന്ന് പ്രാവശ്യം പറഞ്ഞാൽ നേരം പുലരുന്നതുവരെ അവനെ ഒരു പരീക്ഷണവും ബാധിക്കുകയില്ല. ആരെങ്കിലും അത് പ്രഭാതത്തിൽ പറഞ്ഞാൽ വൈകുന്നേരംവരെ അവനെ ഒരു പരീക്ഷണവും ബാധിക്കുകയില്ല" (അബൂദാവൂദ്).

## രണ്ട്: യൂനുസ് നബിﷺയുടെ പ്രാർഥന അധികരിപ്പിക്കുക

അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട സമയത്ത് നടത്തിയ ദുആയാണ് ഇത്. അല്ലാഹു പറഞ്ഞു: "ദുന്നൂനിനെയും (ഓർക്കുക). അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: 'നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.' അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (അൽഅമ്പിയാഅ് 77-78).

'സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു' എന്ന ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു കസീർ (റഹി) പറഞ്ഞു: അതായത് അവർ പ്രയാസത്തിലാവുമ്പോൾ നമ്മിലേക്ക് മടങ്ങിക്കൊണ്ട് നമ്മോട് പ്രാർഥിക്കുമ്പോൾ. പ്രത്യേകിച്ച് പരീക്ഷണത്തിന്റെ സമയത്ത് അവർ ഈ പ്രാർഥന പ്രാർഥിക്കുമ്പോൾ. (സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു). പിന്നെ നബിﷺയിൽ നിന്നുള്ള ഈ ഹദീഥ് അദ്ദേഹം ഉദ്ധരിച്ചു. "യൂനുസ്﷣ മത്സ്യത്തിന്റെ വയറ്റിലായിരിക്കെ ചെയ്ത ഈ പ്രാർഥന പ്രാർഥിച്ച ഒരാൾക്കും അല്ലാഹു ഉത്തരം നൽകാതിരുന്നിട്ടില്ല" (അഹ്മദ്, തിർമിദി).

ഇബ്നുൽ ക്വയ്യിം(റഹി) അൽഫവാഇദിൽ പറഞ്ഞു: "തൗഹീദ് മുഖേനയാണ് ഇഹലോകത്തെ പരീക്ഷണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുക. അതുകൊണ്ടാണ് പ്രയാസത്തിന്റെ സമയത്തുള്ള ദുആ തൗഹീദു കൊണ്ടായത്. യൂനുസ്നബി﷣യുടെ പ്രാർഥനകൊണ്ട് പ്രാർഥിക്കുന്ന ഒരാൾക്കും തൗഹീദ് കൊണ്ട് അവന്റെ പ്രയാസം അല്ലാഹു നീക്കിക്കൊടുക്കാതിരിക്കുകയില്ല.

## മൂന്ന്: പരീക്ഷണക്കെടുതിയിൽ നിന്ന് രക്ഷതേടുക

അബൂഹുറയ്റ﷛യിൽ നിന്ന്: "പരീക്ഷണം, ദൗർഭാഗ്യം പിടികൂടൽ, മോശമായ വിധി, ശത്രുക്കൾ സന്തോഷിക്കൽ എന്നിവയിൽനിന്നെല്ലാം നബിﷺ രക്ഷതേടുമായിരുന്നു: 'അല്ലാഹുവേ, പരീക്ഷണക്കെടുതിയിൽ നിന്നും, ദൗർഭാഗ്യക്കയത്തിൽനിന്നും വിധിയിലെ വിപത്തിൽ നിന്നും എനിക്കേൽക്കുന്ന പ്രയാസത്തിൽ ശത്രുക്കൾ സന്തോഷിക്കുന്നതിൽനിന്നും ഞാൻ നിന്നിൽ അഭയംതേടുന്നു" (ബുഖാരി).

## നാല്: വീട്ടിൽനിന്നു പുറത്തുപോകുമ്പോഴുള്ള പ്രാർഥന പതിവാക്കുക

അനസ് ബിൻ മാലികി﷛ൽ നിന്ന്: നബിﷺ പറഞ്ഞു: "ഒരാൾ വീട്ടിൽനിന്നു പുറത്തിറങ്ങുമ്പോൾ 'അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പുറപ്പെടുന്നു), അല്ലാഹുവിൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല' എന്ന് പറഞ്ഞാൽ അന്നേരം അയാളോട് പറയപ്പെടും: '(മറ്റുള്ളവരുടെ തിന്മയിൽ നിന്ന്) നീ തടയപ്പെട്ടു, നീ സംരക്ഷിക്കപ്പെട്ടു. നീ സന്മാർഗം സിദ്ധിച്ചവനായി. പിശാച് അവനിൽ നിന്ന് അകന്ന് നിൽക്കും. എന്നിട്ട് മറ്റൊരു പിശാചിനോട് പറയും: നീ എങ്ങനെ ഒരാളിലേക്ക് ചെല്ലും? തീർച്ചയായും അയാൾക്ക് സന്മാർഗം സിദ്ധിച്ചിരിക്കുന്നു, മറ്റുള്ളവരിൽ നിന്നുള്ള തിന്മ അയാൾക്ക് തടയപ്പെട്ടിരിക്കുന്നു, അയാൾ സംരക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (സുനനു അബീദാവൂദ്).

## അഞ്ച്: പ്രഭാതത്തിലും പ്രദോഷത്തിലും സൗഖ്യത്തിന് വേണ്ടി തേടുക

അബ്ദുല്ലാഹിബ്നു ഉമർ﷛ പറഞ്ഞു: "അല്ലാഹുവേ, ഇഹത്തിലും പരത്തിലും ഞാൻ നിന്നോട് മാപ്പും സൗഖ്യവും തേടുന്നു. അല്ലാഹുവേ, എന്റെ ആദർശത്തിലും ഇഹലോക ജീവിതത്തിലും കുടുംബത്തിലും സമ്പത്തിലും ഞാൻ നിന്നോട് പാപമോചനവും സൗഖ്യവും തേടുന്നു. അല്ലാഹുവേ, നീ എന്റെ നഗ്നത മറക്കേണമേ, എന്റെ ഭയപ്പാടുകൾക്ക് നിർഭയത്വമേകേണമേ. അല്ലാഹുവേ, എന്റെ മുന്നിലൂ

ടെയും പിന്നിലൂടെയും വലതു ഭാഗത്തുകൂടെയും ഇടതുഭാഗത്തുകൂടെയും മുകളിലൂടെയും (പിണഞ്ഞേക്കാവുന്ന അപകടങ്ങളിൽ നിന്ന്) നീ എനിക്ക് സംരക്ഷണമേകേണമേ. എന്റെ താഴ്ഭാഗത്തിലൂടെ (ഭൂഗർഭത്തിലേക്ക്) ആഴ്ത്തപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്ത്വത്തിൽ ഞാൻ അഭയംതേടുന്നു.''

**ആറ്: പ്രാർഥന അധികരിപ്പിക്കുക**

നബിﷺ പറഞ്ഞതായി ഇബ്നു ഉമർ(റ) പറഞ്ഞു: "നിങ്ങളിൽ നിന്ന് ആർക്കെങ്കിലും പ്രാർഥനയുടെ കവാടം തുറക്കപ്പെട്ടാൽ അവന് കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെട്ടു. സൗഖ്യം ചോദിക്കപ്പെടുന്നതിനെക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റൊരു കാര്യവും അവൻ ചോദിക്കപ്പെടുന്നില്ല'' (തിർമുദി).

**ഏഴ്: പകർച്ചവ്യാധിയുള്ള സ്ഥലങ്ങൾ സൂക്ഷിക്കുക**

അബ്ദുല്ലാഹിബ്നു ആമിറി(റ)ൽ നിന്ന്: "ഉമർ(റ) ശാമിലേക്ക് പുറപ്പെട്ടു. അദ്ദേഹം സർഗിൽ എത്തിയപ്പോൾ ശാമിൽ പകർച്ചവ്യാധി വ്യാപിക്കുന്നതായി അറിഞ്ഞു. അപ്പോൾ അബ്ദുറഹ്മാൻ ഇബ്നു ഔഫ്(റ)അദ്ദേഹത്തോട് പറഞ്ഞു: 'നബിﷺ പറഞ്ഞിട്ടുണ്ട്: ഒരു നാട്ടിൽ പകർച്ച വ്യാധിയുള്ളതായി നിങ്ങൾ കേട്ടാൽ അങ്ങോട്ട് പോകരുത്. നിങ്ങൾ ഉള്ള നാട്ടിൽ പകർച്ചവ്യാധി ഉണ്ടായാൽ അവിടെനിന്നും നിങ്ങൾ പുറത്തുപോവുകയും അരുത്.''

അബൂഹുറയ്റ(റ)യിൽ നിന്ന്: നബിﷺ പറഞ്ഞു: "രോഗമുള്ളവൻ രോഗമില്ലാത്തവന്റെ അടുത്തേക്ക് ചെല്ലരുത്'' (മുസ്‌ലിം).

**എട്ട്: നന്മകൾ വർധിപ്പിക്കുക**

അനസി(റ)ൽ നിന്ന്; നബിﷺ പറഞ്ഞു: "പുണ്യകർമങ്ങൾ ആപത്തുകളെയും പരീക്ഷണങ്ങളെയും ബുദ്ധിമുട്ടുകളെയും തടുക്കുന്നു. ദുനിയാവിലെ നന്മയുടെ ആളുകൾ പരലോകത്തും നന്മയുടെ ആളുകളാണ്'' (ഹാകിം).

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "രോഗത്തിനുള്ള ചികിത്സകളിൽ ഏറ്റവും മഹത്തരമായത്; സൽകർമങ്ങൾ, ദിക്റുകൾ, ദുആകൾ, വിനയം, അല്ലാഹുവിലേക്ക് മടങ്ങൽ, തൗബ എന്നിവയാണ്. രോഗങ്ങൾ തടുക്കുന്നതിലും ശമനം സാധ്യമാകുന്നതിലും ഇക്കാര്യങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. ഭൗതികമായ മരുന്നുകളെക്കാൾ പ്രധാനം ഇവയാണ്. ഇതിന്റെയെല്ലാം ഫലം ലഭിക്കുന്നത് വിശ്വാസത്തിന്റെ തോതനുസരിച്ചായിരിക്കും'' (സാദുൽ മആദ്).

**ഒമ്പത്: രാത്രി നമസ്കാരം**

ബിലാലി(റ)ൽ നിന്ന്; നബി ﷺ പറഞ്ഞു: "നിങ്ങൾ രാത്രി നമസ്കാരം നിർവഹിക്കുക. അതു നിങ്ങൾക്ക് മുമ്പുള്ള സച്ചരിതരുടെ പതിവാണ്. രാത്രി നമസ്കാരം അല്ലാഹുവിലേക്ക് അടുക്കാനുള്ള മാർഗവും പാപങ്ങളിൽ നിന്നുള്ള രക്ഷയും പാപങ്ങൾ പൊറുക്കപ്പെടാനുള്ള കാരണവും ശാരീരിക രോഗങ്ങളിൽ നിന്നുള്ള രക്ഷയുമാണ്'' (തിർമിദി).

**പത്ത്: പാത്രങ്ങൾ അടച്ചുവെക്കുക**

ജാബിർ ബിൻ അബ്ദില്ല(റ)യിൽ നിന്ന് നിവേദനം; നബിﷺ പറയുന്നതായി ഞാൻ കേട്ടു: "നിങ്ങൾ പാത്രങ്ങൾ അടച്ചുവെക്കുക. വെള്ളപ്പാത്രങ്ങൾ മൂടിക്കെട്ടുക. വർഷത്തിൽ ഒരു രാത്രി പകർച്ചവ്യാധി ഇറങ്ങും. അടച്ചുവെക്കാത്ത ഒരു പാത്രത്തിന്റെയും മൂടിക്കെട്ടാത്ത ഒരു വെള്ളപ്പാത്രത്തിന്റെയും അടുത്തു കൂടി അത് കടന്നുപോകുന്നില്ല; അതിൽ പകർച്ചവ്യാധി ഇറങ്ങിയട്ടല്ലാതെ'' (മുസ്‌ലിം).

**അവസാനമായി...**

ഓരോ മുസ്‌ലിമും അവന്റെ കാര്യങ്ങൾ അല്ലാഹുവിലേക്ക് വിടേണ്ടതാണ്. എല്ലാ കാര്യങ്ങളും അവന്റെ നിയന്ത്രണത്തിലാണ്. സംഭവിക്കുന്ന പരീക്ഷണങ്ങൾ ക്ഷമയോടും പ്രതിഫലേച്ഛയോടും കൂടി നേരിടുക. ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

"ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്'' (സുമർ 10).

ആഇശ(റ) പ്ലേഗിനെക്കുറിച്ച് നബിﷺയോട് ചോദിച്ചു: അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു അവനുദ്ദേശിക്കുന്നവരിലേക്ക് ഇറക്കുന്ന ഒരു ശിക്ഷയായിരുന്നു അത്. അവൻ അതിനെ വിശ്വാസികൾക്ക് കാരുണ്യമാക്കി. ഒരു അടിമക്ക് പ്ലേഗ് ബാധിച്ചു. അവൻ തന്റെ നാട്ടിൽ ക്ഷമയോടെ കഴിഞ്ഞുകൂടി. അല്ലാഹു വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്ന് അവൻ മനസ്സിലാക്കുന്നു എങ്കിൽ അവന് ശഹീദിന്റെ കൂലിയുണ്ട്''(ബുഖാരി).

അല്ലാഹു എല്ലാ പരീക്ഷണങ്ങളിൽനിന്നും നമ്മെ കാത്ത് രക്ഷിക്കട്ടെ.

കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി



# 4 ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

ഇസ്‌ലാം ഒരു അപരസ്ഥാനത്ത് ഒന്നാമതായി നിർത്തപ്പെടുന്നു; കമ്യൂണിസം രണ്ടാം സ്ഥാനത്തും. ഫാഷിസത്തിന്റെ രേഖകളിൽ മുമ്പുതന്നെ അത് രേഖപ്പെടുത്തപ്പെട്ടതാണ്. ഇസ്‌ലാം മുതലാളിത്തമടക്കമുള്ള എല്ലാവിധ തെറ്റായ സമീപനങ്ങളോടും യുക്തിഭദ്രമായ നിലപാട് മുന്നോട്ട് വെക്കുന്ന ഒരു ദർശനമാണ്. മുസ്‌ലിംകൾ എല്ലായിടത്തും അതിൽ വിജയിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് വേറെ വിഷയം. എന്നാൽ ഇസ്‌ലാം എല്ലാ വിഷയത്തിലും പ്രസക്തമായ കാഴ്ചപ്പാടുകൾ മുന്നോട്ട് വെക്കുന്നുണ്ട്. അക്കാരണം കൊണ്ടുതന്നെയാകുമോ സംഘ്പരിവാർ ഇസ്‌ലാമിനെ ഒരു വെല്ലുവിളിയായി കാണുന്നത്?

സംഘ്പരിവാറിനെ സംബന്ധിച്ചിടത്തോളം അവർ ജാതി മേൽകോയ്മയുടെ ഒരു പ്രത്യയശാസ്ത്രമാണ്

ആത്യന്തികമായി മുന്നോട്ടുവെക്കുന്നത്. ഇസ്‌ലാം സൈദ്ധാന്തികമായി ജാതിമേൽക്കോയ്മയ്ക്കെതിരെയുള്ള ഒരു ബദൽപ്രത്യയശാസ്ത്രമാണ്. ഇസ്‌ലാമിന്റെ സൈദ്ധാന്തിക ലോകം അപഗ്രഥനം നടത്തിക്കഴിഞ്ഞാൽ അവിടെ ശ്രേണീകൃതമായ അസമത്വത്തിനു യാതൊരു പ്രസക്തിയുമില്ല എന്നു കാണാം. ആരും മുകളിലല്ല; ആരും താഴെയുമല്ല. എല്ലാവരും ഒപ്പത്തിനൊപ്പം എന്ന ഒരു സമത്വ കാഴ്ചപ്പാട്, സാഹോദര്യത്തിന്റെ കാഴ്ചപ്പാട് ആണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. രണ്ടാമത്തെ കാര്യം, ഇന്ത്യയിലെ ലക്ഷക്കണക്കിന് അധഃസ്ഥിതരായ മനുഷ്യരാണ്, ദളിതരാണ് ഇന്ത്യയിലെ മുസ്‌ലിംകളായിട്ട് മാറിയത്. ജാതിമേൽക്കോയ്മയുടെ ഇരകളായ ദളിത് സമൂഹങ്ങളിൽ നിന്നാണ് ഇന്ത്യൻ മുസ്‌ലിംകൾ സത്യത്തിൽ രൂപപ്പെട്ടുവന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മതപ്രചാരണത്തിന് വേണ്ടി വന്ന മുസ്‌ലിംകളുണ്ട്. പക്ഷേ, ഇവിടുത്തെ ഭൂരിപക്ഷ മുസ്‌ലിംകളും സത്യത്തിൽ ഇന്ത്യയിലെ ജാതിപീഡനത്തിന്റെ ഇരകളായപ്പോൾ അതിനെതിരെ നടത്തിയ പ്രതിഷേധത്തിന്റെ കൂടി പശ്ചാത്തലത്തിൽ വന്നവരാണ്.

മറ്റൊരർഥത്തിൽ പറഞ്ഞാൽ മതപരിവർത്തനം ഇന്ത്യൻ പശ്ചാത്തലത്തിൽ ആഴത്തിലുള്ള ആശയങ്ങളുടെ ഒരു സ്വാംശീകരണംകൂടിയാണ്. ആ വിധത്തിൽ ആശയങ്ങൾ പൂർണമായിട്ട് ഉൾക്കൊണ്ട് മതപരിവർത്തനം നടത്തിയവരുണ്ട്. പക്ഷേ, വലിയ വലിയ സമൂഹങ്ങൾ കൂട്ടായി നടത്തിയ മതപരിവർത്തനത്തിന് പിന്നിൽ ആശയങ്ങളുടെ മാത്രം പ്രശ്നമല്ല, മറിച്ച് തങ്ങൾ അനുഭവിച്ച അടിച്ചമർത്തൽ; ആ അടിച്ചമർത്തലിനു പ്രസക്തിയില്ലാത്ത ഒരു മതം എന്ന അർഥത്തിൽ അവർ ഇസ്‌ലാമിനെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുകൊണ്ട് മതപരിവർത്തനം പരോക്ഷമായെങ്കിലും ഒരു നവോത്ഥാനപ്രവർത്തനമായിട്ട് ദളിതുകൾക്കിടയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇന്നലെവരെ ജാതിമേൽക്കോയ്മയുടെ മുമ്പിൽ മുട്ടുകുത്തിനിന്ന അധഃസ്ഥിത സമൂഹങ്ങൾ മതപരിവർത്തനത്തോട് കൂടി ജാതിമേൽക്കോയ്മയെ ചോദ്യം ചെയ്യുന്നവരായിത്തീർന്നത് ഇന്ത്യൻ ഫാഷിസത്തിന്റെ അകത്തളങ്ങളിൽ വലിയ നടുക്കം സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്ത്യൻ ഫാഷിസത്തിന്റെ ഇസ്‌ലാം വിദ്വേഷത്തിന്റെ വേരുകൾ ആഴ്ന്നു കിടക്കുന്നത് സൂക്ഷ്മാർഥത്തിൽ ജാതിമേൽക്കോയ്മയിൽ തന്നെയാണ്. അതേസമയം ജാതിമേൽക്കോയ്മയോട് പൊരുത്തപ്പെടുന്ന മട്ടിലേക്ക് ഇസ്‌ലാം മാറുകയാണെങ്കിൽ ഒരു പക്ഷേ, ഇന്ത്യൻ ഫാഷിസമായിരിക്കും അതിനെ ഏറ്റവും നന്നായിട്ട് സ്വാഗതം ചെയ്യാൻ പോകുന്നത്. കാരണം ജാതിവ്യവസ്ഥക്കെതിരെയുള്ള വെല്ലുവിളിയായിട്ട് മാറുന്നു എന്നതാണ് രണ്ടാമത്തെ കാരണം.

മൂന്നാമത്തെ കാരണം, തീർച്ചയായും ജാതിവ്യവസ്ഥയിൽനിന്നും വ്യത്യസ്തമായുള്ള ബദൽ ജ്ഞാനപദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നുവെന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ തീർച്ചയായിട്ടും ഈ ബദൽ ജ്ഞാനപദ്ധതികൾ സവർണ ജ്ഞാനപദ്ധതികളെ അസ്വസ്ഥപ്പെടുത്തുന്നുണ്ട്. ലോകത്തിലെ ക്ലാസിക് ഫാഷിസ്റ്റുകാലഘട്ടത്തിൽ നമ്മൾ കാണുന്നത് ഒരു പക്ഷേ, ഫാഷിസത്തിനെതിരെയുള്ള പോരാട്ടത്തിൽ ഏറ്റവും കൂടുതൽ കൊല്ലപ്പെട്ടത് കമ്യൂണിസ്റ്റുകാരാണ് എന്നതാണ്. ലക്ഷക്കണക്കിന്, കോടികണക്കിന് കമ്യൂണിസ്റ്റുകാർ കൊല്ലപ്പെട്ടിട്ടുണ്ട്. മാത്രമല്ല ക്ലാസിക് ഫാഷിസത്തെ ഇല്ലായ്മ ചെയ്യുന്നതിൽ സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള ഇടപെടൽ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. സത്യത്തിൽ തൊഴിലാളി പ്രസ്ഥാനം രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുമെന്ന പശ്ചാത്തലത്തിൽ തൊഴിലാളി പ്രസ്ഥാനത്തെ തകർക്കുക എന്നുള്ള അജണ്ടയിലാണ് ഫാസിസം രൂപപ്പെട്ടത്. പക്ഷേ, ഇന്ത്യൻ പശ്ചാത്തലത്തിലേക്ക് വരുമ്പോൾ ചെറിയൊരു മാറ്റമുണ്ട്. കാരണം ഇന്ത്യയിൽ തൊഴിലാളിവർഗം രാഷ്ട്രീയ നേതൃത്വം പിടിച്ചെടുക്കുന്ന ഒരു ആസന്ന പശ്ചാത്തലം ഉണ്ടായിട്ടില്ല. മറിച്ച് ഇന്ത്യൻ ഫാഷിസം രൂപപ്പെടുന്നതിന്റെ പശ്ചാത്തലം എന്ന് പറയുന്നത് ആർ.എസ്.എസ്. രൂപപ്പെടുന്ന ഇരുപതുകളിലെ വ്യത്യസ്തമായ പശ്ചാത്തലമാണ്. ഒന്ന്, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ മതസൗഹാർദതയിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യ സമരം മുന്നോട്ട് കൊണ്ടുപോകൽ. രണ്ട്, തൊള്ളായിരത്തിപതിനേഴിലെ സോവിയറ്റ് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ കർഷകരുടെയും തൊഴിലാളികളുടെയും കൂട്ടായ്മ.

ഇരുപത്തിനാലിലാണ് AITUC (All India Trade Union congress) ഉണ്ടാകുന്നത്. വർഗപരമായുള്ള ജനങ്ങളുടെ ഐക്യം; അത് ഇന്ത്യൻ ജാതി മേൽകോയ്മയെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. അതോടൊപ്പം മൂന്നാമത് സംഭവിച്ചത്, എത്രയോ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെടുന്ന ഇന്ത്യയിലെ കീഴാള ജനത; ആ കീഴാളജനതയുടെ നേതൃത്വത്തിൽ ബദൽ ചിന്തകൾ ഉണർന്നു എന്നതാണ്. ഉദാഹരണമായിട്ട് മ

ഹാത്മാ ജ്യോതി ഭുലെ, മഹാത്മാ സാവിത്രി ഭുലെ, പണ്ഡിറ്റ് താരാമാൾ, സാഹു മഹാരാജ്, അതിന്റെ തുടർച്ചയായി അംബേദ്കർ, പെരിയാർ എന്ന് വിളിക്കുന്ന ഇ.വി.ആർ, ശ്രീനാരായണഗുരു, പൊയ്കയിൽ അപ്പച്ചൻ... ഇങ്ങനെ കീഴാള സമൂഹങ്ങളിൽ നിന്നും ദളിത് സമൂഹങ്ങളിൽ നിന്നുമുള്ളവരുടെ നേതൃത്വത്തിൽ വലിയൊരു പ്രക്ഷോഭം തന്നെ ഉയർന്നുവന്നു. ആ അബ്രാഹ്മണ പ്രസ്ഥാനം, അവർണ പ്രസ്ഥാനം ഇന്ത്യൻ സവർണരെ പിടിച്ചുകുലുക്കി. ഈ മൂന്നു മൗലിക പശ്ചാത്തലമാണ് സത്യത്തിൽ ഇന്ത്യൻ ഫാഷിസം രൂപപ്പെടാനുള്ള പ്രധാനപ്പെട്ട കാരണം. അതിന്റെ തുടർച്ചയിലാണ് ഞാൻ നേരത്തെ പറഞ്ഞ തരത്തിലുള്ള അധഃസ്ഥിതരിൽ നിന്നുള്ള വൻതോതിലുള്ള മതംമാറ്റം സംഭവിച്ചത്.


അംബേദ്കറുടെ നേതൃത്വത്തിൽ ലക്ഷക്കണക്കിന് അധഃസ്ഥിതരാണ് ബുദ്ധമതം സ്വീകരിച്ചത്. ഒരുപാടുപേർ ക്രിസ്തുമതം സ്വീകരിച്ചു. ഒരുപാടുപേർ ഇസ്‌ലാം മതം സ്വീകരിച്ചു. അപ്പോൾ ഈ മതപരിവർത്തനം; ഇസ്‌ലാമിലേക്കടക്കമുള്ള ദളിത്ജനങ്ങളുടെ പ്രവേശനം ഇന്ത്യൻ സവർണരെ സംബന്ധിച്ചിടത്തോളം വലിയ പരിഭ്രാന്തി ഉണ്ടാക്കുന്ന പശ്ചാത്തലമാണ്. ഇസ്‌ലാമോഫോബിയ എന്ന് പറയുന്നത് സാമ്രാജ്യത്വത്തിന്റെയും സാസിസത്തിന്റെയും നവഫാഷിസത്തിന്റെയും ഒരു നിർമിതിയാണ്. വൈവിധ്യങ്ങളെയും വ്യത്യസ്തതകളെയും വെച്ച് പൊറുപ്പിക്കാത്ത ഫാഷിസം ഇസ്‌ലാമിനെ ഒരു അപരമാക്കി. അവിടെയാണ് ഇന്ത്യൻ ഫാഷിസത്തിന്റെ മൗലികമായ കാഴ്ചപ്പാട് അവർ രൂപപ്പെടുത്തിയെടുത്തത്. ആ കാഴ്ചപ്പാടിന്റെ ചുരുക്കമെന്തെന്ന് പറഞ്ഞാൽ; സവർണ മേൽക്കോയ്മക്ക് അസ്വീകാര്യമായ ഒന്നും രാജ്യത്ത് നിലനിന്നുകൂടാ. അതൊക്കെ രാജ്യദ്രോഹമാണ്. ഉദാഹരണമായിട്ട് നിങ്ങളുടെ ഭക്ഷണം ശരിയല്ല, നിങ്ങളുടെ വസ്ത്രം ശരിയല്ല, നിങ്ങളുടെ വിശ്വാസം ശരിയല്ല, നിങ്ങളുടെ ആചാരം ശരിയല്ല, നിങ്ങളുടെ ആഘോഷം ശരിയല്ല, നിങ്ങൾ തന്നെ ശരിയല്ല എന്ന രീതിയിൽ ഒന്നിന് പിറകെ മറ്റൊന്നായിട്ട് അവർ നിരന്തരം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന കാഴ്ചപ്പാട്. നമ്മുടെ നാട്ടിൽ ഭൂരിപക്ഷം ആളുകളും മാംസം കഴിക്കുന്നവരാണ്. പക്ഷേ, ഈ മാംസം കഴിക്കുന്ന ആളുകളുടെ മനസ്സിൽ പോലും മാംസാഹാരമെന്ന് പറഞ്ഞാൽ എന്തോ കുഴപ്പമാണ് എന്ന് തോന്നിത്തുടങ്ങിയിട്ടുണ്ട്. നന്നായി കഴിക്കുന്ന ആളും പറയും, ഞാനിപ്പോൾ അങ്ങനെയൊന്നും കഴിക്കുന്നില്ല എന്ന്. അത് സംഘ്പരിവാറിന്റെ വിജയമാണ്. കാരണമെന്താണെന്ന് വെച്ചാൽ മാംസം ഭക്ഷിക്കുന്നതിനെ എന്തോ ഒരു കുറ്റകൃത്യമായിട്ടാണ് അവർ കാണുന്നത്. അതിനു പലതരത്തിലുള്ള പ്രചാരണങ്ങളും അവർ അവതരിപ്പിക്കുന്നുണ്ട്. ചിലപ്പോൾ ആരോഗ്യത്തിന്റെ ലേബലിലായിരിക്കും. ആരോഗ്യവും മാംസാഹാരവും തമ്മിൽ ഒരു ബന്ധവുമില്ല. കാരണം ലോകത്തിലേറ്റവും കൂടുതൽ മാംസം കഴിക്കുന്നവർ ധ്രുവപ്രദേശത്തു ജീവിക്കുന്ന ജനതയാണ്. അവരെ മുമ്പ് എസ്കിമോകൾ എന്നാണ് വിളിച്ചിരുന്നത്. ആ പ്രയോഗം ഓഫന്റഡായതു കൊണ്ട് inuit എന്നാണ് വിളിക്കുന്നത്. അതും ഒരു പ്രധാന കാര്യമാണ്. ഒരു ജനതയെ എങ്ങനെയാണ് സംബോധന ചെയ്യേണ്ടത് എന്ന് അവരാഗ്രഹിക്കുന്നുവോ അങ്ങനെയാണ് സംബോധന ചെയ്യേണ്ടത്. അപ്പോൾ ആ അർഥത്തിൽ inuit ആണ്.

അത് ധ്രുവപ്രദേശമാണ്, മഞ്ഞാണ്. അവിടെ ഒരു പുൽക്കൊടി പോലും മുളക്കില്ല. രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും അവരുടെ ഭക്ഷണം മത്സ്യവും മാംസവുമൊക്കെയാണ്. Inuit paradox എന്നൊരു പ്രയോഗമുണ്ട്. മാംസാഹാരം അമിതമായി കഴിച്ചാൽ അത് ആരോഗ്യത്തിന് ഹാനികരമാണ്. ഏത് ഭക്ഷണം അമിതമായിട്ട് കഴിച്ചാലും അത് ആരോഗ്യത്തിന് ഹാനികര



മാണ്. പക്ഷേ, inuitകൾ മാംസാഹാരം മാത്രമെ കഴിക്കുന്നുള്ളൂ. അവർ വളരെ ആരോഗ്യമുള്ളവരുമാണ്. അതാണ് inuit paradoxന്റെ അടിസ്ഥാനം. ഞാൻ സൂചിപ്പിക്കുന്നത്, ആളുകൾക്ക് മാംസം കഴിക്കാം, സസ്യാഹാരം ആവാം. അത് ഓരോരുത്തരുടെയും ആരോഗ്യം, അഭിരുചി, വിശ്വാസം അനുസരിച്ചു ചെയ്യേണ്ടതാണ്. അതിനു പകരം സസ്യാഹാരം സൗമ്യസ്വഭാവം നൽകും; അത് വളരെ മഹത്തായതാണ്. മാംസാഹാരം രൗദ്രസ്വഭാവം നൽകും; അതാണ് കലാപത്തിലേക്ക് നയിക്കുന്നത് എന്ന വ്യാഖ്യാനം അടിസ്ഥാനരഹിതമാണ്. ഇങ്ങനെ ഒരു വാർപ്പ് മാതൃക ഇന്ത്യൻ ഫാഷിസം സൃഷ്ടിച്ചിട്ടുണ്ട്. അതിലേക്ക് ആളുകൾ വഴുക്കിവീണു കൊണ്ടിരിക്കുകയാണ്. അത് അവരുടെ വിജയമാണ്. ഞാൻ നേരത്തെ ഒരു കുറിപ്പിലെഴുതിയിരുന്നു; പിശാച് എന്ന വാക്കിന് മാംസഭുക്ക് എന്നാണർഥം എന്ന്. അപ്പോൾ ഇന്ത്യൻ ഫാഷിസം, ഈ ജാതിമേൽക്കോയ്മ, ഇന്ത്യൻ പിശാചിന്റെ മെനുവിൽ മാംസാഹാരമേയുള്ളൂ. ഒരു സസ്യഭുക്കായ പിശാചിനെ സങ്കൽപിക്കാൻ പോലും കഴിയാത്ത തരത്തിൽ ദരിദ്രമാണ് സവർണ ഭാവന. ഇംഗ്ലീഷുകാർ ഇതിനെക്കാൾ മെച്ചമാണ്. അവരുടെ പിശാചിന് Black harted എന്നൊക്കെയാണ് അർഥം. കറുത്ത നിറം, നിറത്തിൽ മാത്രമെ നിർബന്ധമുള്ളൂ. അവർക്ക് ഭക്ഷണത്തിൽ സസ്യമാകാം മാംസവുമാകാം. ഇന്ത്യൻ പിശാചിന്റെ നിറം കറുപ്പാണ്. ഭക്ഷണം മാംസവുമാണ്. മാംസഭോജിയായ കറുത്ത മനുഷ്യനാണ് അവരുടെ പിശാചെന്നുള്ളത്. നിങ്ങളുടെ ഭക്ഷണം കൊള്ളില്ല, മ്ലേഛമാണ്, നിങ്ങളുടെ വസ്ത്രധാരണരീതി മ്ലേഛമാണ്, നിങ്ങളുടെ വിശ്വാസം മ്ലേഛമാണ്, നിങ്ങൾ തന്നെ മ്ലേഛമാണ് എന്ന് വരുത്തിത്തീർക്കേണ്ടതിനാണ് ഇതെല്ലാം. അതിനെ പ്രതിരോധിക്കുന്നതിൽ തീർച്ചയായിട്ടും ഇസ്‌ലാം പ്രധാനപെട്ട ഒരു പങ്ക് വഹിക്കുന്നുണ്ട്. അത് ഫാഷിസത്തെ പരിഭ്രമിപ്പിക്കുന്നുണ്ട്. സൈദ്ധാന്തികമായി പരിശോധിച്ചാൽ ഫാഷിസ്റ്റുകളുടെ ഏറ്റവും പ്രധാനശത്രു കമ്യൂണിസ്റ്റുകാർ തന്നെയാണ്. അതിന്റെ കാരണമെന്താണെന്ന് പറഞ്ഞാൽ ഫാഷിസം മുന്നോട്ടുവയ്ക്കുന്ന വംശീയതയും അതിന്റെ യുക്തികളും വംശീയതയിൽ തുടങ്ങിയിട്ട് അവിടെ അവസാനിക്കുന്നില്ല. അത് മൂലധനവുമായിട്ട് ബന്ധപ്പെട്ടുകിടക്കുന്നു.

മുസ്സോളിനി പറയുന്നുണ്ട് 'സ്‌റ്റേറ്റും മൂലധനവും തമ്മിലുള്ള സംയോജനമാണ് ഫാഷിസം' എന്ന്. ഫാഷിസത്തെക്കുറിച്ച് ഏറ്റവും സൈദ്ധാന്തികമായുള്ള പഠനം നടത്തിയ പലരുമുണ്ടെങ്കിലും പ്രധാന പേരാണ്... അദ്ദേഹം കൃത്യമായി പറയുന്നുണ്ട് 'മൂലധനത്തിന്റെ നഗ്നമായ ഏകാധിപത്യമല്ലാതെ മറ്റൊന്നുമല്ല ഫാഷിസം' എന്ന്. അതുകൊണ്ട് ഫാഷിസം വംശീയതയെയും മതപരതയെയും അപരത്വത്തെയും ഒക്കെ ഉപയോഗിക്കുന്നത് മൂലധനത്തിന്റെ ഒരു മേൽക്കോയ്മ സ്ഥാപിക്കാനാണ്. ഈ മൂലധന മേൽക്കോയ്മയ്ക്കെതിരെയുള്ള സമരത്തിന്റെ മുഖ്യ ചാലകശക്തി എല്ലാ മതവിഭാഗത്തിലും പെട്ട, ഒരു മതത്തിലും പെടാത്ത അധ്വാനിക്കുന്ന മനുഷ്യരാണ്. ആ അർഥത്തിൽ സൈദ്ധാന്തിക വീക്ഷണമാണ് മാർക്സിസം മുന്നോട്ട് വെക്കുന്നത്. ഹിറ്റ്‌ലറുടെ കൃതികളിലുള്ളത് തൊഴിലാളി വർഗത്തിന്റെ നായകനായ മാർക്സ് എന്നല്ല, ജൂതനായ മാർക്സ് എന്നാണ്. സത്യത്തിൽ മാർക്സിന്റെ കുടുംബം തന്നെ ജൂതമതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അത് നിലനിൽപുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തിന്റെ പേരിലാണ്. എന്ന് പറഞ്ഞാൽ മാർക്സ് ജൂതനല്ലതായി കഴിഞ്ഞിരുന്നു. പിന്നെ മാർക്സ് മതം തന്നെ ഉപേക്ഷിക്കുന്നുണ്ട്. പക്ഷേ, ഒരിടത്തും ഹിറ്റ്‌ലർ കാൾമാർക്സ് എന്ന് ഉപയോഗിച്ചിട്ടില്ല. The Jew Marx എന്നാണ് ഉപയോഗിച്ചത്. അതുപോലെ തന്നെ Bertolt Brecht ഫാഷിസത്തിനെ പിടിച്ചു കുലുക്കിയ കവിയും കമ്യൂണിസ്റ്റുമാണ്, നാടകകൃത്താണ്. അയാളുടെ ശവകുടീരത്തിൽ ഇവർ എഴുതി വെച്ചത് 'നശിച്ച ജൂത പട്ടീ, നീ പുറത്ത് പോണം' എന്നാണ്. സത്യത്തിൽ Brechtന്റെ ജാതി, മതം ഒന്നും ആരും അന്വേഷിക്കാറില്ല. ഞാൻ പറഞ്ഞുവരുന്നതെന്താണെന്ന് വെച്ചാൽ കമ്യൂണിസ്റ്റുകാർ മുന്നോട്ട് വെ



ക്കുന്ന ഈ ഒരു വർഗ കാഴ്ചപ്പാട് ഫാഷിസത്തെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയാണ്. അത് മറിച്ചിടാൻ വേണ്ടിയാണ് മാർക്സിനെ ജൂതനെന്നു മുദ്രകുത്തിയത്. അന്ന് ജൂതവിരുദ്ധതയുടെ അന്തരീക്ഷം യൂറോപ്പിൽ മാത്രമല്ല, ലോകത്തിലുടനീളം ഉണ്ടായിരുന്നു. അത് ഫാഷിസമല്ല സത്യത്തിൽ ഉണ്ടാക്കിയത്. ഫാഷിസത്തിന് മുമ്പേ അതുണ്ട്. ചരിത്രപരമായി പല കാലഘട്ടങ്ങളിൽ രൂപപ്പെട്ട എല്ലാ മുൻവിധികളെയും ഫാഷിസം അതിന്റെ രാഷ്ട്രീയ മൂലധനമാക്കി രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ അർഥത്തിൽ ഏറ്റവും വലിയ വെല്ലുവിളി രാഷ്ട്രീയമായിട്ട് കമ്യൂണിസത്തിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഇന്നും അവരുടെ മുഖ്യ ശത്രുവായിട്ട് അത് നിലകൊള്ളുന്നു.


ഡൽഹിയിൽ സി.പി.എം എന്ന് പറയുന്നത് ഒരു ചെറിയ പാർട്ടിയാണ്. പക്ഷേ, എന്നിട്ടും അതിന്റെ കേന്ദ്ര കമ്മിറ്റി ഓഫീസ് രണ്ടുമൂന്നു തവണ ആക്രമിക്കപ്പെട്ടു. ഇന്ത്യൻ ഫാഷിസത്തെ ഏറ്റവും ഭയപ്പെടുത്തുന്നുണ്ട് മാർക്സിസ്റ്റ് ആശയങ്ങളും അതുപോലെ തന്നെ തൊഴിലാളി പ്രസ്ഥാനങ്ങളൊക്കെ എന്നർഥം. കൽബുർഗി, ഗോവിന്ദ് പൻസാരെ തുടങ്ങിയവരൊക്കെ കമ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാക്കളായിരുന്നു. ഗോവിന്ദ് പൻസാരെയെ കൊല്ലാനുള്ള പ്രധാന കാരണം ശിവജിയെ മോശമാക്കി എന്നതാണ്. ശിവജിയെ കുറിച്ച് ഒരു ധാരണ നിലനിൽക്കുന്നുണ്ട്. ശിവജി ഗോ ബ്രാഹ്മിൻ രക്ഷകനാണ്. ഗോക്കളെയും ബ്രാഹ്മണരെയും രക്ഷിക്കുന്ന ഹിന്ദുത്വത്തിന്റെ കാവലാണ് ശിവജി എന്നാണ് ഇവർ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. ഗോവിന്ദ് പൻസാരെ ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അത് തിരുത്തുകയാണ് ചെയ്തത്, കർഷകരുടെയും മതസൗഹാർദത്തിന്റെയും നേതാവാണ് ശിവജി എന്നാണ് അദ്ദേഹം പറഞ്ഞത്. അത് ഇവർക്ക് സഹിക്കാൻ പറ്റില്ല.

ഇസ്‌ലാമും ഫാഷിസത്തിന്റെ ഏറ്റവും വലിയ ശത്രുപക്ഷത്താണ്. കാരണം നേരത്തെ താങ്കൾ പറഞ്ഞത് പോലെ ലോകത്തിൽ മുസ്‌ലിംകൾ എങ്ങനെ ജീവിക്കുന്നു എന്നുള്ളതല്ല, മുസ്‌ലിം സമൂഹത്തിലും ജാതികളുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ കൃത്യമായിട്ട് പറയുന്നുണ്ട് 3783 ജാതികളുണ്ട് എന്ന്. അതുപോലെ ചാതുർവർണ്യത്തെ അനുസ്മരിപ്പിക്കും വിധം വരേണ്യ മുസ്‌ലിംകൾ, പിന്നോക്ക മുസ്‌ലിംകൾ, ഏറ്റവും അടിത്തട്ടിലുള്ള ദളിത് മുസ്‌ലിംകൾ എന്നിങ്ങനെയും കാണാം. അതിൽ തന്നെ ഉത്തർപ്രദേശിൽ കനാൽ വിഭാഗത്തിൽ പെട്ട മുസ്‌ലിംകളുണ്ട്. അവർ ഏറ്റവും അടിത്തട്ടിലുള്ള മുസ്‌ലിംകളാണ്. കേരളത്തിൽ കൊല്ലത്തെ മാമൂട് എന്ന സ്ഥലത്ത് ഒസ്സാമാർക്ക് മാത്രമായിട്ട് ഒരു മഹല്ലുണ്ട് എന്ന് വായിച്ചതായി ഓർക്കുന്നു. ഗൾഫിൽ ജോലി ചെയ്യുന്ന ഒരു അക്കാദമിഷ്യൻ എന്നോട് വീട്ടിൽ വന്നു സംസാരിച്ചപ്പോൾ അയാൾ പറഞ്ഞ പ്രധാനമായിട്ടുള്ള പ്രശ്നം അയാളുടെ തലമുറ 200 കൊല്ലം മുമ്പ് ഈ ജോലി ചെയ്തിരുന്നു എന്നതാണ്. ഇന്നും വിവാഹം ഉൾപ്പെടെയുള്ള വിഷയങ്ങൾ വരുമ്പോൾ ഈ പ്രശ്നം ഉയർന്നു വരുന്നു. അതിൽ അയാൾ വളരെ സങ്കടത്തിലാണ്. ഈ പ്രശ്നം പറയാൻ എന്റടുത്തു വരാനുള്ള കാരണമെന്താണെന്ന് വെച്ചാൽ, ഞാൻ ഒസ്സാൻ-ബാർബർ വിഭാഗത്തിൽ പെട്ട ആളുകൾ ആദരിക്കപ്പെടേണ്ട കലാപ്രതിഭകളാണ് എന്ന് ഒരു നിരീക്ഷണം നടത്തിയിരുന്നു. നമ്മൾ തലവച്ച് കൊടുക്കുകയാണ്. എന്തൊരു വിശ്വാസത്തിലാണ് നമ്മൾ തലവച്ച് കൊടുക്കുന്നത്? ഒരു ആയുധമാണ് കയ്യിൽ! എന്നിട്ട് മുടിയൊക്കെ വെട്ടി, ചെത്തി മനോഹരമാക്കി മാറ്റുകയാണ്. ഒരു കലാപ്രവർത്തനമാണ് അത്. അപ്പോൾ അയാൾ ഒരു കലാകാരനാണ്, കലാപ്രതിഭയാണ്. അതിനെ ആദരിക്കുകയാണ് വേണ്ടത്. എല്ലാ തൊഴിലും മഹത്വമുള്ളതാണ്. ഈ ആവശ്യത്തിന് അവരുടെ അടുത്ത് അനുസരണത്തിൽ ഇങ്ങനെ ഇരുന്നു കൊടുക്കുക, അതുകഴിഞ്ഞ് വന്നിട്ട് അവർ രണ്ടാംതരമാണെന്ന് പറയുകയും ചെയ്യുക. അത് ശരിയല്ല. ഞാൻ പറഞ്ഞു വരുന്നത്, ഈ ജാതിമേൽക്കോയ്മ വ്യവസ്ഥയുടെ പ്രത്യേകത എന്തെന്ന് പറഞ്ഞാൽ; ജാതിമേൽക്കോയ്മയെ സൈദ്ധാന്തികമായി എതിർക്കുന്ന ഇസ്‌ലാം മതത്തിലും, ജാതി മേൽക്കോയ്മയെ എതിർക്കുന്ന ലിബറൽ സെക്കുലർ കാഴ്ചപ്പാട് പുലർത്തുന്നവരിലും, മതത്തെ തന്നെ തള്ളിക്കളഞ്ഞ യുക്തിവാദികൾക്കിടയിലും ഈ ജാതിക്ക് നുഴഞ്ഞുകയറാൻ പറ്റിയിട്ടുണ്ട്. അപ്പോൾ ജാതി നുഴഞ്ഞു കയറിയ മതവും രാഷ്ട്രീയവും സാംസ്കാരികപ്രസ്ഥാനവുമൊക്കെ ഫാഷിസത്തിനെതിരെയുള്ള നിവർന്നുനിന്നുള്ള പോരാട്ടത്തിൽ പതർച്ച അനുഭവപ്പെടുന്നു. അതിനാൽ ജാതി മേൽക്കോയ്മയുടെ വൈറസുകളെ കുടഞ്ഞുകളയുക എന്നുള്ളത് ഏറ്റവും പ്രധാനമാണ്. ഇസ്‌ലാമിനേ തത്ത്വചിന്താപരമായിട്ട് അത്തരത്തിൽ ഒരു സംഭാവന നൽകാൻ പറ്റൂ. അത് ഫാഷിസത്തെ തീർച്ചയായിട്ടും ഭയപ്പെടുത്തുന്നുണ്ട്.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 13



# കാരുണ്യം

വിശ്വാസികളുടെ ഉത്തമമായ സ്വഭാവങ്ങളിലൊന്നാണ് റഹ്മത്ത്(കാരുണ്യം). വിശ്വാസികളുടെ സ്വഭാവഗുണങ്ങൾ താഴെ വരുന്ന വചനങ്ങളിൽ അല്ലാഹു എണ്ണുന്നത് ഇപ്രകാരമാണ്:

"എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക; കുടുംബബന്ധമുള്ള അനാഥയ്ക്ക്, അല്ലെങ്കിൽ കടുത്തദാരിദ്ര്യമുള്ള സാധുവിന്. ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടുംപരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക" (ക്വുർആൻ 90:11-16).

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം കരുണയുള്ളവരുമാകുന്നു" (ക്വുർആൻ 48:29).

പരസ്പര കാരുണ്യം വിശ്വാസികളുടെ സ്വഭാവ ഗുണമാണെന്ന് തിരുമൊഴികളിലും വന്നിട്ടുണ്ട് തിരുദൂതരുടെ ഒരു വർണന നോക്കൂ. നുഅ്മാൻ ഇബ്നു ബശീറി(റ)ൽ നിന്ന് നിവേദനം. തിരുദൂതർ(സ) പറഞ്ഞു:

“പരസ്പര സ്നേഹത്തിലും വാത്സല്യത്തിലും കാരുണ്യത്തിലും മുസ്‌ലിംകളുടെ ഉപമ ഒരു ശരീരത്തിന്റെ ഉപമയാണ്. ശരീരത്തിലെ ഒരു അവയവം രോഗബാധിതമായി വേവലാതിപ്പെടുമ്പോൾ മറ്റു ശരീരാവയവങ്ങൾ പനിപിടിച്ചും ഉറക്കമൊഴിഞ്ഞും രോഗബാധിതമായ അവയവത്തിനു വേണ്ടി പരസ്പരം നിലകൊള്ളും” (മുസ്‌ലിം).

അല്ലാഹു നൂറു കരുണ പടച്ചിരിക്കുന്നുവെന്നും അവനു നൂറ് കരുണയുണ്ടെന്നും അതിൽ ഒന്നു മാത്രമാണ് ഭൂമിയിൽ നിശ്ചയിച്ചിരിക്കുന്നതെന്നും ഹദീഥിൽ പ്രസ്താവനയുണ്ട്. അബൂഹുറയ്‌റ(റ)യിൽ നിന്നുള്ള നിവേദനം:

“നിശ്ചയം അല്ലാഹു റഹ്മത്തിനെ സൃഷ്ടിച്ചനാളിൽ നൂറ് റഹ്മത്ത് സൃഷ്ടിച്ചു. അവൻ തന്റെയടുക്കൽ തൊണ്ണൂറ്റി ഒമ്പത് റഹ്മത്തിനെ പിടിച്ചുവെച്ചു. അവന്റെ മുഴു സൃഷ്ടികളിൽ എല്ലാവരിലേക്കും ഒരു റഹ്മത്ത് അയക്കുകയും ചെയ്തു...”(ബുഖാരി).

അല്ലാഹു അവതരിപ്പിച്ച പ്രസ്തുത കാരുണ്യം കൊണ്ടാണ് മനുഷ്യരും ജന്തുമൃഗാദികളും മറ്റും അന്യോന്യം കരുണ കാണിക്കുന്നത് തിരുദൂതർ പറഞ്ഞിട്ടുണ്ട്:

“നിശ്ചയം, അല്ലാഹുവിനു നൂറ് കാരുണ്യമുണ്ട്. അവയിൽ നിന്ന് ഒന്ന് അവൻ ജിന്നുകൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കും ഇഴജന്തുക്കൾക്കും ഇടയിൽ അവതരിപ്പിച്ചിരിക്കുന്നു. ആ കരുണകൊണ്ട് അവർ അന്യോന്യം അലിവു കാണിക്കുകയും അന്യോന്യം കരുണ കാണിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് വന്യമൃഗങ്ങൾ അവയുടെ കുഞ്ഞുങ്ങളോട് മയത്തിൽ പെരുമാറുന്നത്. അല്ലാഹു തൊണ്ണൂറ്റി ഒമ്പത് കാരുണ്യത്തെ പിന്തിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അവൻ തന്റെ ദാസന്മാരോട് അന്ത്യനാളിൽ കരുണ കാണിക്കും” (ബുഖാരി).

ഇത് പ്രസ്താവനയാണെങ്കിലും കരുണ കാണിക്കുവാനുള്ള അനുശാസന ഉൾകൊള്ളുന്നത് കൂടിയാണ്. കൽപനകൾ വേറെയും തിരുമൊഴികളിലുണ്ട്:

‘‘നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. ആകാശത്തിലുള്ളവൻ(അല്ലാഹു) നിങ്ങളോട് കരുണ കാണിക്കും” (തുർമുദി ഹസനുൻസ്വഹീഹെന്ന് വിശേഷിപ്പിച്ചു).

“നിങ്ങൾ കരുണ കാണിക്കുക; നിങ്ങൾക്കു കരുണ കനിയപ്പെടും.”

പടപ്പുകളോട് കാരുണ്യത്തിൽ വർത്തിക്കുവാനും അവർ കരുണ അരുളപ്പെടുന്നവരാണെന്നും ഈ തിരുമൊഴികൾ അറിയിക്കുന്നു. കരുണാവാരുധിയായവനിൽ നിന്നുള്ള കാരുണ്യവായ്പ് ദയാലുക്കൾക്കും കരുണ കാണിക്കുന്നവർക്കും ആണെന്നറിയിക്കുന്ന മറ്റു ചില തിരുമൊഴികൾ:

“നിശ്ചയം തന്റെ ദാസന്മാരിൽ കരുണയുള്ളവരിൽ മാത്രമാണ് അല്ലാഹു കരുണ്യം ചൊരിയുന്നത്” (ബുഖാരി, മുസ്‌ലിം).

“കരുണ കാണിക്കാത്തവർക്ക് കരുണ നൽകപ്പെടുകയില്ല”(ബുഖാരി, മുസ്‌ലിം).

“കരുണ കാണിക്കുന്നവരോട് കരുണാവാരുധിയായവൻ കരുണകാണിക്കും...” (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ദയാവായ്പിന്റെയും കാരുണ്യപെരുമാറ്റത്തിന്റെയും മഹത്ത്വങ്ങളറിയിക്കുന്ന മറ്റു ചില തിരുമൊഴികൾ കൂടി ചുവടെ നൽകുന്നു.

അബൂഹുറയ്‌റ(റ)യിൽ നിന്നും നിവേദനം. തിരുദൂതർ(സ) പറഞ്ഞു: “ഒരു നായ ദാഹം കാരണം മണ്ണു തിന്നുന്നത് ഒരാൾ കണ്ടു. അയാൾ തന്റെ പാദരക്ഷ ഊരി അതിന്റെ ദാഹം തീരുന്നതു വരെവെള്ളം കോരിക്കൊടുത്തു. അല്ലാഹു അയാളോട് നന്ദി കാണിച്ചു, അയാളെ സ്വർഗത്തിൽ പ്രവേശിപ്പിച്ചു” (ബുഖാരി).

ഇയാദ് ഇബ്നു ഹിമാറി(റ)ൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

“സ്വർഗാർഹർ മൂന്നു വിഭാഗമാണ്. നീതിമാനും ധർമിഷ്ഠനും അനുഗൃഹീതനുമായ ഭരണാധികാരി, എല്ലാ അടുത്ത ബന്ധുക്കളോടും മുസ്‌ലിമിനോ





ടും കാരുണ്യവാനും ലോലഹൃദയനുമായ വ്യക്തി, പതിവ്രതനും ചാരിത്രശുദ്ധിയിൽ തന്റെ കുടുംബത്തെ വളർത്തുന്നവനും കുടുംബഭാരമുള്ളവനും" (മുസ്‌ലിം).

കാരുണ്യവും ദയയും കാണിക്കാത്തവർ മുസ്‌ലിംകളുടെ ഗണത്തിൽ പെട്ടവനെല്ലന്ന് തിരുമൊഴിയുണ്ട്.കരുണ കാണിക്കാതിരിക്കൽ വൻപാപമാണെന്ന് ഇത്തരം ഹദീഥുകൾ അറിയിക്കുന്നു. ഇബ്നുഅബ്ബാസിؓൽ നിന്നും നിവേദനം:

"നമ്മിലെ വലിയവരെ ആദരിക്കാത്തവനും ചെറിയവരോട് കരുണ കാണിക്കാത്തവനും നമ്മിൽപെട്ടവനല്ല" (മുസ്നദുഅഹ്മദ്. അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

വിഷയത്തിന്റെ ഗൗരവമറിയിക്കുന്ന മറ്റൊരു തിരുമൊഴി ഇപ്രകാരമാണ്: "ദൗർഭാഗ്യവാനിൽ നിന്നല്ലാതെ കാരുണ്യം ഊരിയെടുക്കപ്പെടുകയില്ല" (സുനനുത്തുർമുദി. തുർമുദി ഹസനെന്നു വിശേഷിപ്പിച്ചു).

കാരുണ്യത്തിന്റെ പെരുമാറ്റം അന്യമായ ചില ഗ്രാമവസികളോട് തിരുനബിﷺയുടെ മുന്നറിയിപ്പും ഗൗരവസ്വരവും രുസംഭവങ്ങളിൽ വന്നത് ഇപ്രകാരമാണ്. അബൂഹുറയ്റؓയിൽനിന്നും നിവേദനം:

"അല്ലാഹുവിന്റെ തിരുദൂതർﷺ ഹസൻ ഇബ്നുഅലിയ്യിനെ ചുംബിച്ചു. തിരുമേനിയുടെ അടുക്കൽ അൽഅക്വ്റഅ് ഇബ്നുഹാബിസ് അത്തമീമി ഉണ്ടായിരുന്നു. അപ്പോൾ അക്വ്റഅ് പറഞ്ഞു: 'എനിക്ക് പത്തു മക്കളുണ്ട്. അവരിൽ ഒരാളേയും ഞാൻ ചുംബിച്ചിട്ടില്ല.' അപ്പോൾ അയാളിലേക്ക് തിരുദൂതർﷺ നോക്കി. ശേഷം പറഞ്ഞു: 'കരുണ കാണിക്കാത്തവനോട് കരുണ കാണിക്കപ്പെടുകയില്ല"(ബുഖാരി).

ആഇശؓ യിൽ നിന്നും നിവേദനം: "തിരുദൂതരുടെ അടുക്കലേക്ക് അഅ്റാബികളിൽ നിന്നുള്ള ഒരു വിഭാഗം ആഗതരായി. അവർ ചോദിച്ചു: 'നിങ്ങൾ കുട്ടികളെ ചുംബിക്കുമോ?' സ്വഹാബികൾ പറഞ്ഞു: 'അതെ.' എന്നാൽ അല്ലാഹുവാണേ, ഞങ്ങൾ ചുംബിക്കുകയില്ല.' അപ്പോൾ തിരുദൂതർﷺ പറഞ്ഞു: 'അല്ലാഹു നിങ്ങളിൽനിന്ന് കാരുണ്യം ഊരിയെടുത്തിട്ടുങ്കെിൽ ഞാനത് ഉടമപ്പെടുത്തുമോ" (മുസ്‌ലിം).

മുഹമ്മദ് നബിﷺ കാരുണ്യത്തിന്റെ തിരുദൂതനായിരുന്നു. കാരുണ്യത്തിന്റെ നബി എന്ന പേരു തന്നെ തിരുമേനിക്കുണ്ടായിരുന്നു.

അബൂമൂസൽ അശ്അരിؓ പറയുന്നു: തിരുനബിﷺ തനിക്കുള്ള പേരുകളെ ഞങ്ങളോട് പറയുമായിരുന്നു: "ഞാൻ മുഹമ്മദും അഹ്മദും മുക്വഫ്ഫയും ഹാശിറും നബിയ്യുത്തൗബഃയും(പശ്ചാത്താപത്തിന്റെ പ്രവാചകൻ) നബിയ്യുർറഹ്മയു(കാരുണ്യത്തിന്റെ പ്രവാചകൻ)മാകുന്നു"(മുസ്‌ലിം).

തിരുമേനിﷺയെ അല്ലാഹു വിശേഷിപ്പിക്കുന്നതു നോക്കൂ: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (ക്വുർആൻ 09:128).

"ലോകർക്ക് കാരുണ്യമായിക്കൊല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (ക്വുർആൻ 21:107).

കാരുണ്യത്തിന്റെ തിരുദൂതൻﷺ കാരുണ്യത്താൽ കണ്ണീർവാർത്ത ഏതാനും സംഭവങ്ങൾ ഇവിടെ നൽകുന്നു: അനസ് ഇബ്നുമാലികിؓൽ നിന്ന് നിവേദനം:

"ഞങ്ങൾ അല്ലാഹുവിന്റെ റസൂലിﷺനോടൊപ്പം കൊല്ലപ്പണിക്കാരൻ അബൂസെയ്ഫിന്റെ അടുക്കൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ(ഭാര്യ) (നബിയുടെ പുത്രൻ) ഇബ്റാഹീമിനെ മുലയൂട്ടുന്നവരായിരുന്നു. അപ്പോൾ തിരുദൂതർ ഇബ്റാഹീമിനെ എടുക്കുകയും

ചുംബിക്കുകയും മണത്തുനോക്കുകയും ചെയ്തു. അതിനുശേഷവും ഞങ്ങൾ ഇബ്റാഹീമിന്റെ അടുക്കൽപ്രവേശിച്ചു. ഇബ്റാഹീമാകട്ടെ(മരണാസന്നനായി) പ്രയാസപ്പെട്ടു ശ്വസിക്കുന്നു. അപ്പോഴതാ തിരുദൂതരുടെ ഇരുകണ്ണുകളും നിറഞ്ഞൊലിക്കുവാൻ തുടങ്ങി. അപ്പോൾ അബ്ദുർറഹ്മാൻ ഇബ്നു ഔഫ്ﷺ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ ദൂതരായിട്ടും കരയുകയാണോ?' തിരുമേനിﷺ പറഞ്ഞു: 'ഇബ്നു ഔഫ്, ഇതു കാരുണ്യമാണ്. (അക്ഷമ പ്രകടിപ്പിക്കലല്ല).' കണ്ണുനീരു വാർത്തുകൊണ്ട് വീണ്ടും തിരുദൂതർﷺ പറഞ്ഞു: 'നിശ്ചയം, കണ്ണ് കരയും, ഹൃദയം ദുഃഖിക്കും. എന്നാൽ നമ്മൾ റബ്ബിനെ തൃപ്തിപ്പെടുത്തുന്നതല്ലാതെ പറയുകയില്ല. ഇബ്റാഹീം, നിന്റെ വിരഹത്തിൽ ഞാൻദുഃഖിതനാണ്" (ബുഖാരി).

ഇബ്നു ഉമറിﷺൽ നിന്ന് നിവേദനം: നബിﷺയുടെ പുത്രി സെയ്നബ്ﷺ മരണാസന്നയായ തന്റെ പുത്രിയുടെ അടുക്കലേക്ക് തിരുമേനി വരുവാൻ ആളെ നിയോഗിച്ച സംഭവത്തിൽ ഇപ്രകാരം കാണാം:

"അപ്പോൾ നബിﷺ എഴുന്നേറ്റു. തിരുമേനിയോടൊപ്പം സഅ്ദ്ഇബ്നു ഉബാദﷺയും മുആദ് ഇബ്നു ജബലുംﷺ എഴുന്നേറ്റു. അപ്പോൾ നബിﷺയിലേക്ക് കുട്ടിയെ നൽകപ്പെട്ടു. കുട്ടിയുടെ റൂഹ് ഒരു തോൽപാത്രത്തിലെന്ന പോലെ കിടന്നുപിടയുന്നു. അപ്പോൾ, തിരുമേനിയുടെ ഇരുകണ്ണുകളും നിറഞ്ഞൊലിച്ചു. സഅ്ദ്ﷺ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്താണിത്?' തിരുമേനിﷺ പറഞ്ഞു: 'ഇതു കാരുണ്യമാണ്. (അക്ഷമ പ്രകടിപ്പിക്കലല്ല) പ്രസ്തുത കാരുണ്യത്തെ അല്ലാഹു തന്റെ ദാസന്മാരുടെ ഹൃദയത്തിൽ നിശ്ചയിച്ചിരിക്കുന്നു. നിശ്ചയം അല്ലാഹു തന്റെ ദാസന്മാരിൽ കരുണയുള്ളവരോട് മാത്രം കരുണ കാണിക്കുന്നു"(ബുഖാരി).

അനസിﷺൽ നിന്നു നിവേദനം: "തിരുനബിﷺ നമസ്കാരത്തിലായിരിക്കെ ഒരു കുട്ടിയുടെ കരച്ചിൽ കേട്ടു. അപ്പാൾ തിരുമേനി നമസ്കാരം ലഘൂകരിച്ചു. നമസ്കാരത്തിൽ കുഞ്ഞിനോടൊപ്പം ഉമ്മയുണ്ടെന്നു മനസ്സിലാക്കിയതിനാൽ ആ കുഞ്ഞിനോടുള്ള കാരുണ്യത്താലാണ് തിരുമേനി അപ്രകാരം ചെയ്തതെന്ന് ഞങ്ങൾ മനസിലാക്കി"(മുസ്നദുഅഹ്മദ്. അർനാഊത് ഹസനെന്ന് വിശേഷിപ്പിച്ചു).



കാരുണ്യത്തിന്റെ ദൂതൻ നമസ്കാത്തിനു നേതൃത്വം നൽകുന്നവരോട് ഇപ്രകാരം ആജ്ഞാപിക്കുകയും ചെയ്തു: "നിങ്ങളിലൊരാൾ ജനങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകുകയായാൽ (ഇമാമത്തു നിന്നാൽ) അവൻ നമസ്കാരത്തെ ലഘൂകരിക്കട്ടെ. കാരണം അവന്റെ പിന്നിൽ ചെറിയവരും വലിയ വൃദ്ധരും ദുർബലരും രോഗികളും ആവശ്യക്കാരും ഉണ്ടായിരിക്കും. ഒറ്റക്കു നമസ്കരിക്കുകയായാൽ അവൻ ഉദ്ദേശിക്കുന്നത്ര നമസ്കാരം ദീർഘിപ്പിക്കട്ടെ"(ബുഖാരി, മുസ്ലിം, അഹ്മദ്).

മിണ്ടാപ്രണികളോടുവരെ തിരുദൂതർﷺ കാണിച്ചിരുന്ന കാരുണ്യചരിത്രങ്ങൾ ധാരാളമാണ്. ഒരു ദിവസം തിരുദൂതർ അബ്ദുല്ലാഹ് ഇബ്നു ജഅ്ഫറിﷺനെ തന്റെ പിന്നിലിരുത്തി സഞ്ചരിക്കവെ നടന്ന ഒരു സംഭവം ഇപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്:

"തിരുദൂതർ അൻസ്വാരികളിൽപെട്ട ഒരു വ്യക്തിയുടെ തോട്ടത്തിൽ പ്രവേശിച്ചു. അപ്പോഴതാ ഒരു ഒട്ടകം. അത് തിരുമേനിയെ കണ്ടപ്പോൾ ഒച്ചവെക്കുകയും കണ്ണീർ വാർക്കുകയുമുണ്ടായി. തിരുനബി അതിന്റെ അടുക്കലെത്തി. അതിന്റെ കണ്ണുനീർ തുടച്ചുകൊടുത്തു. അതോടെ അത് അടങ്ങി. തിരുമേനി ചോദിച്ചു: 'ആരാണ് ഈ ഒട്ടകത്തിന്റെ ഉടമ? ആരുടേതാണ് ഈ ഒട്ടകം?' അപ്പോൾ അൻസ്വാരികളിൽ പെട്ട ഒരു യുവാവ് ആഗതനായി. അയാൾ പറഞ്ഞു: 'തിരുദൂതരേ, എന്റെതാണ്.' തിരുനബിﷺ പറഞ്ഞു: 'അല്ലാഹു താങ്കൾക്ക് ഉടമപ്പെടുത്തിത്തന്ന ഈ മിണ്ടാപ്രാണിയുടെ വിഷയത്തിൽ താങ്കൾ അല്ലാഹുവിനെ ഭയക്കാത്തത് എന്ത്? നിശ്ചയം, താങ്കൾ അതിനെ പട്ടിണിക്കിടുകയും അതിനെ കൊണ്ട് നിത്യവേല ചെയ്യിക്കുകയും ചെയ്യുന്നതായി അത് എന്നോട് സങ്കടപ്പെട്ടിരിക്കുന്നു"(മുസ്നദുഅഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

മുബാറക് ബിൻ ഉമർ
mail@nerpatham.com



# കൊറോണ: ചില ചിന്തകൾ

മനുഷ്യന്റെ നിസ്സഹായാവസ്ഥ ഇത്രയും വെളിപ്പെട്ട ഒരു സന്ദർഭം ഇതുപോലെ എന്റെ ജീവിതത്തിൽ കഴിഞ്ഞ ആറു പതിറ്റാണ്ടിനിടയിൽ കണ്ടിട്ടില്ല! ടെക്നോളജി ഇത്രയും പുരോഗതി പ്രാപിച്ച ഒരു കാലത്ത് അവൻ 'കെട്ടിപ്പൊക്കിയ സൗധങ്ങൾ' എത്ര ദുർബലമാണെന്ന് ലോകം ഇതുപോലെ മനസ്സിലാക്കിയ കാലം മുമ്പുണ്ടായതായി അറിയില്ല. കണ്ണിൽ കാണാത്ത ഒരു രോഗാണു ലോകത്തെ പിടിച്ചുകുലുക്കിയിരിക്കുന്നു!

എന്താണുണ്ടായത്? ചൈനയിൽ നിന്നാണ് തുടക്കം എന്ന് മീഡിയ പറയുന്നു. ചൈനയിൽ നിന്നും വിലകുറഞ്ഞ ആകർഷകമായ ഉൽപന്നങ്ങൾ ലോകമെമ്പാടും എത്തുന്നുണ്ട്. നമ്മുടെ നാട്ടിലെ സൂപ്പർമാർക്കറ്റുകളിലും വമ്പൻ മാളുകളിലും മാത്രമല്ല, സാദാ കടകളിൽവരെ ചൈനീസ് നിർമിത വസ്തുക്കൾ ധാരാളമായി കാണാം. എന്നാൽ കമ്യൂണിസത്തോടൊപ്പം വന്ന ഇരുമ്പുമറ ചൈനയിൽ നിന്നിതുവരെ മാറിപ്പോയിട്ടില്ല. കുപ്രസിദ്ധമായ ടിയാനൻമെൻ സ്‌ക്വയർ കൂട്ടക്കൊല(1989)യിൽ എത്രപേർ വെടികൊണ്ടുമരിച്ചു വീണു എന്ന് കൃത്യമായി ഇന്നുമാർക്കുമറിയില്ല! എന്താണ് ചൈനയിൽ നടക്കുന്നതെന്ന് ഔദ്യോഗികമായി സർക്കാർ അധികൃതർ പറയുന്നതല്ലാതെ മറ്റൊന്നും ഇന്നും ലോകത്തിന്നറിയില്ല. ഇരുമ്പുമറക്ക് തടഞ്ഞുനിർത്താൻ കഴിയാത്ത വാട്‌സാപ്പ് വിവരങ്ങളിൽ ചിലത് വേദനാജനകം തന്നെയാണ്. ഉയ്ഗൂർ മുസ്‌ലിംകളുടെ പീഡനമാണ് വിവരം. ആയിരക്കണക്കിന് മുസ്‌ലിംകൾ ചൈനയിൽ പീഡിപ്പിക്കപ്പെടുന്നു എന്നും അവർക്ക് ഒട്ടും മതസ്വാതന്ത്ര്യമില്ല എന്നുമൊക്കെ

യാണറിയുന്നത്. അതിനിടയിലാണ് ഒരു വാർത്ത പൊട്ടിപ്പുറപ്പെടുന്നത്. പുതിയൊരു രോഗം കാട്ടുതീ പോലെ പടർന്നുപിടിക്കുന്നു, അത്യന്തം മാരകമാണ്, ചികിത്സയൊട്ടില്ലതാനും, കൊറോണ എന്നാണ് രോഗാണുവിന്റെ പേര് എന്നൊക്കെയാണ് മാധ്യമങ്ങളിൽ കണ്ടത്.

പടരാതിരിക്കാനുള്ള മുൻകരുതലെടുക്കുക എന്നത് മാത്രമെ തൽക്കാലം പരിഹാരമുള്ളൂ എന്നാണ് വൈദ്യശാസ്ത്രലോകം വ്യക്തമാക്കിയത്.രോഗത്തിന്യഥാർഥ ചികിത്സ ഇനിയും കണ്ടെത്താനിരിക്കുന്നതേയുള്ളൂ. ഗവേഷണങ്ങൾ ലോകമെമ്പാടും തകൃതിയായി നടന്നുകൊണ്ടിരിക്കുന്നു.

രോഗമുള്ളവരെ മാറ്റിനിർത്തുക, സംശയിക്കപ്പെടുന്നവരെ അകറ്റിനിർത്തുക, കൈ ഇടയ്ക്കിടെ കഴുകി വൃത്തിയാക്കുക, ശുചിത്വം കർശനമായി പാലിക്കുക ഇതൊക്കെയാണ് ജനങ്ങൾ നടപ്പാക്കേണ്ടത് എന്ന് സർക്കാറും അധികൃതരും ചൂണ്ടിക്കാട്ടുന്നു. ഇതൊക്കെ മുഹമ്മദ് നബിﷺ കൃത്യമായി മനുഷ്യകുലത്തെ പഠിപ്പിച്ചതാണ്. നാടാകെ കൈകഴുകാൻ സൗകര്യങ്ങളുണ്ടാക്കിയതായി കാണുന്നു. ഉറങ്ങിയെഴുന്നേൽക്കുന്ന മുസ്‌ലിമിനോട് ആദ്യം കൈകഴുകാനാണ് പ്രവാചകൻ പറഞ്ഞിട്ടുള്ളത്. ഒരു തവണ വുദൂഅ് ചെയ്യുമ്പോൾ എത്രതവണ കൈകഴുകുന്നുണ്ട് എന്നുനോക്കുക. അങ്ങനെ അഞ്ചുനേരം നമസ്കരിക്കുമ്പോഴൊക്കെ ഇതാവർത്തിക്കപ്പെടുന്നു. വൃത്തിയുടെയും ശുചിത്വത്തിന്റെയും കാര്യം പറയാനുമില്ല. ഈമാനി(സത്യവിശ്വാസം)ന്റെ ഒരു ഭാഗമാണതെന്ന് പ്രവാചകൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പകരുന്ന രോഗമാണെങ്കിൽ രോഗിയിൽനിന്ന് അകന്നുനിൽക്കണമെന്ന കാര്യവും പ്രവാചകാധ്യാപനങ്ങളിൽ പെടുന്നു. പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് മുഹമ്മദ് നബിﷺ ഇതൊക്കെ പഠിപ്പിച്ചിട്ടുണ്ടെന്ന് അമേരിക്കൻ മീഡിയയിൽ വന്ന വാർത്ത വലിയ ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്.

ധിക്കാരിയും അഹങ്കാരിയുമായ മനുഷ്യന്റെ അവസ്ഥ വിചിത്രം തന്നെ! താനാണ് എല്ലാം നിയന്ത്രിക്കുന്നതെന്നും തനിക്ക് മുകളിൽ ആരുമില്ലെന്നും ശാസ്ത്രീയജ്ഞാനങ്ങൾക്കപ്പുറം ഒന്നുമില്ലായെന്നും അവൻ വമ്പുനടിക്കുന്നു. ഇങ്ങനെയുള്ള അഹങ്കാരത്തിന് ഇടയ്ക്ക് ചില കിഴുക്ക് കിട്ടും. മുമ്പൊന്നും കണ്ടിട്ടില്ലാത്ത പ്രതിഭാസങ്ങൾ എന്നു പറഞ്ഞ് അവയ്ക്ക് ചില പേരിടും മനുഷ്യർ. സുനാമി, കത്രീന... എന്നിങ്ങനെ!

മനുഷ്യൻ എത്ര ദുർബലനാണ് എന്ന് അവൻ മനസ്സിലാക്കാത്തതെന്ത്? എല്ലാം തന്റെയും ടെക്നോളജിയുടെയും നിയന്ത്രണത്തിലാണെന്ന് വീമ്പടിക്കുന്ന മനുഷ്യന് എന്താണിവിടെ നിയന്ത്രണത്തിലുള്ളത്? തങ്ങളുടെ ശരീരത്തിനകത്തുള്ള ഏതെങ്കിലും വ്യവസ്ഥയിൽ എന്ത് സ്വാധീനവും നിയന്ത്രണവുമാണ് ഈ ദൈവനിഷേധി അവകാശപ്പെടുന്നത്? അസ്ഥിവ്യവസ്ഥ, പേശീവ്യവസ്ഥ, നാഡീവ്യവസ്ഥ, ദഹനവ്യവസ്ഥ, ശ്വസനവ്യവസ്ഥ, ചംക്രമണവ്യവസ്ഥ, അന്തഃസ്രാവ വ്യവസ്ഥ, മൂത്രവ്യവസ്ഥ, പ്രത്യുൽപാദന വ്യവസ്ഥ എന്നിവയാണ് കണിശവും കൃത്യവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥകൾ. ഇവയിൽ മിക്കതും ജനനം വരെ പ്രവർത്തനരഹിതമായിരുന്നു. ജനനത്തോടുകൂടി ഇവയെല്ലാം സജീവമായി വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവയവങ്ങളിൽ ഏറ്റവും സങ്കീർണവും അതിശയിപ്പിക്കുന്നതുമായത് മസ്തിഷ്കമാണത്രെ. പതിനായിരം കോടി നാഡീകോശങ്ങൾ മസ്തിഷ്കത്തിലുണ്ട്. ഒരു ശ്വാസകോശത്തിൽ എൺപതിനായിരത്തിലധികം അന്ത്യശ്വസനികകളും അമ്പത് കോടിയിലധികം വായു അറകളുമുണ്ട്. ഓരോ വൃക്കയിലും പന്ത്രണ്ട് ലക്ഷത്തിലധികം നെഫ്രോണുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാവിൽ ഒമ്പതിനായിരം രുചിമുകുളങ്ങളുണ്ട്. ശരീരത്തിന്റെ അവയവം പോകട്ടെ, ഒരു കോശത്തിൽ എന്തെങ്കിലുമൊരു നിയന്ത്രണം ഈ നിഷേധികൾക്ക് അവകാശപ്പെടാനാവുമോ? നമ്മുടെ ഇഛയ്ക്കനുസരിച്ച് നാം നടക്കുകയും ഇരിക്കുകയും സംസാരിക്കുകയും മറ്റും ചെയ്യുന്നു. നമ്മുടെ ഇഛയ്ക്കനുസരിച്ചല്ല നമ്മുടെ ശരീരത്തിലെ വ്യവസ്ഥകളും അവയവങ്ങളും കോശങ്ങളും പ്രവർത്തിക്കുന്നത്. ആയിരത്തിൽ ഒരംശം മാത്രമെ നമ്മുടെ ഇഛയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നുള്ളൂ എന്ന് സാമാന്യമായി പറയാം. ബാക്കിയെല്ലാം സ്രഷ്ടാവ് സൃഷ്ടിച്ചുവച്ച വ്യവസ്ഥയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നു. ഒരു ചെറിയകാര്യം പറയാം; രാവിലെ ഉറക്കിൽനിന്നെഴുന്നേറ്റ് ടോയ്‌ലറ്റിൽ പോയി മൂത്രമൊഴിക്കാനിരുന്നപ്പോൾ മൂത്രം വരുന്നില്ല എന്നു കരുതുക, എന്താണ് ഈ അഹങ്കാരികൾ ചെയ്യുക? നടക്കുമ്പോൾ, ഇരിക്കുമ്പോൾ, പ്രസംഗിക്കുമ്പോൾ, ഡ്രൈവ്ചെയ്യുമ്പോൾ, കളിക്കുമ്പോൾ കുഴഞ്ഞുവീണ് എത്ര പേർ മരിക്കുന്നു! എത്ര ദുർബലനാണ് മനുഷ്യൻ! അവന്റെ ടെക്നോളജിക്കെന്താണ് ചെയ്യാൻ കഴിയുക?

പത്തമ്പത് വർഷംമുമ്പ് ടി.ബി, മലേറിയ, വസൂരി തുടങ്ങിയ രോഗങ്ങളാണ് മാരകമാണെന്ന് കരുതപ്പെട്ടിരുന്നത്. ഇന്ന് ക്യാൻസർ, ഹൃദയസ്തംഭനം, സ്ട്രോക്ക്, പ്രമേഹം, കിഡ്നി പ്രവർത്തനരഹിതമാകൽ തുടങ്ങിയവയാണ്. പലതിനും കൃത്യമായ ചികിത്സയില്ല. ഉദാഹരണത്തിന് ക്യാൻസർ. സെല്ലു

കളുടെ അനിയന്ത്രിതമായ വളർച്ചയാണത്രെ ഇത്. എന്തുകൊണ്ട് നിയന്ത്രണമില്ലാതെ സെല്ലുകൾ വളരുന്നു? അറിയില്ലത്രെ! കാരണം ശാസ്ത്രത്തിന് പിടികിട്ടിയിട്ടില്ലെന്ന് അവർ പറയുന്നു. ഇപ്പോൾ ചെയ്യുന്നത്, ആ കോശങ്ങൾ ഓപ്പറേഷനിലൂടെയോ റേഡിയേഷനിലൂടെയോ മറ്റോ നശിപ്പിച്ചുകളയുകയാണ്. അത് ചികിത്സയല്ലല്ലോ. കൈയിൽ രോഗം വന്നാൽ കൈ വെട്ടിക്കളയുകയല്ല ചികിത്സ. രോഗത്തിന് പരിഹാരം കണ്ടെത്തലാണ്.

മനുഷ്യന് എത്തിപ്പിടിക്കാൻ പെട്ടെന്ന് കഴിയാത്ത പല രോഗകാരണങ്ങളും കുറച്ച് കാലത്തേക്കുണ്ടാകും. ശാസ്ത്ര ഗവേഷണങ്ങളിലൂടെ അവ കണ്ടെത്തിയാൽ അതിനപ്പുറത്ത് വേറെ ചിലത് അപ്രാപ്യമായുണ്ടാകും. ഈ ലോകം സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും സർവശക്തനും കരുണാവാരിധിയുമായ ലോകരക്ഷിതാവാണ്. നന്മയും തിന്മയും അവന്റെ പരിപൂർണ നിയന്ത്രണത്തിലാണ്. അത് മനസ്സിലാക്കാനും ഉൾക്കൊള്ളാനും അഹങ്കാരികൾക്ക് കഴിയില്ല.

മനുഷ്യൻ ഇവിടെ ചെയ്തുവച്ചതിന്റെ ഫലങ്ങൾ കുറേ ഇവിടെതന്നെ അനുഭവിക്കേണ്ടിവരും. വ്യവസായ വിപ്ലവം വന്നപ്പോൾ വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്നായിരുന്നു മുദ്രാവാക്യം. വ്യവസായം വന്നില്ലെങ്കിൽ നാടും നാട്ടാരും നശിച്ചു എന്നർഥം. വ്യവസായം വന്ന് നശിച്ച നാടാണ് മാവൂരും വാഴക്കാടും. ഗ്വാളിയോർ റയോൺസ് ഫാക്ടറിയായിരുന്നു കാരണം. 'വ്യവസായവൽക്കരിച്ച് നശിക്കുക' എന്നായിമാറി പിന്നീട്. കാട് വെട്ടി വെട്ടി നശിപ്പിച്ചു. കുന്നും പാറയും നിരപ്പാക്കി. പാടവും കുളങ്ങളും നീർത്തടങ്ങളും ഇല്ലാതാക്കി. നാടാകെ നശിപ്പിച്ചു. പാറ പൊട്ടിക്കലും കുന്നു നിരപ്പാക്കലുമാണ് കാരണം.

"മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കും" (ക്വുർആൻ 30:41).

ഇപ്പോൾ വ്യാപകമായിക്കാണുന്ന രോഗങ്ങൾക്കൊരു പേരുണ്ട്. ജീവിതശൈലീ രോഗങ്ങൾ! മനുഷ്യന്റെ ജീവിതശൈലിയിൽ വന്ന മാറ്റങ്ങളാണ് കാരണം എന്ന് വൈദ്യശാസ്ത്രം പറയുന്നു. ഫാസ്റ്റ്ഫുഡിന്റെ വ്യാപനം, മായംകലർന്ന ഭക്ഷണം, ഒട്ടും ശരീരം ഇളകാതിരിക്കൽ, അമിതാഹാരം ഇതൊക്കെയാണത്രെ കാരണങ്ങൾ. എല്ലാം മനുഷ്യൻ സ്വയം ചെയ്തുവച്ചതിന്റെ ഫലങ്ങൾ.

മനുഷ്യന്റെ അതിക്രമം വർധിക്കുമ്പോൾ മനുഷ്യനെയും പ്രപഞ്ചത്തെയും പടച്ച സ്രഷ്ടാവ് ഇടയ്ക്ക് ഞെട്ടിക്കും. അത് അവന്റെ നടപടിക്രമങ്ങളിൽ പെട്ടതാണ്. അതിരുകവിയുമ്പോൾ ഒരു പിടുത്തം പിടിക്കും. ചിലപ്പോൾ ചെറിയ പിടുത്തം പിടിക്കും. ചിലപ്പോൾ ശക്തമായ പിടുത്തം.

"ഏതെങ്കിലും ഒരു രാജ്യം നാം നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപന്മാർക്ക് നാം ആജ്ഞകൾ നൽകും. എന്നാൽ (അത് വകവയ്ക്കാതെ) അവർ അവിടെ താന്തോന്നിത്തം നടത്തും. (ശിക്ഷയെപ്പറ്റിയുള്ള) വാക്ക് അങ്ങനെ അതിന്റെ (രാജ്യത്തിന്റെ) കാര്യത്തിൽ സ്ഥിരപ്പെടുകയും നാം അതിനെ നിശ്ശേഷം തകർക്കുകയും ചെയ്യുന്നതാണ്" (ക്വുർആൻ 17:16).

ഇതെഴുതുമ്പോൾ കോവിഡ് മരണം അരലക്ഷം കവിഞ്ഞിരിക്കുന്നു. എവിടം വരെയെത്തുമെന്ന് സർവജ്ഞനല്ലാതെ അറിയില്ല!

ഏതായിരുന്നാലും വല്ലാത്തൊരനുഭവമാണിത്! അങ്ങാടിയിൽ ജനങ്ങളെ കാണാനേയില്ല! പള്ളികൾ പൂട്ടിയിട്ടിരിക്കുന്നു. ബസ്സില്ല! കാറില്ല, ഓട്ടോപോലുമില്ല! ട്രെയ്നും പ്ലെയ്നും നിന്നു! 130 കോടിയുള്ള രാജ്യം വിജനമായതു പോലെ. പതിനായിരങ്ങൾ ത്വവാഫ് ചെയ്തിരുന്ന മസ്ജിദുൽ ഹറാം ശൂന്യം! ജുമുഅക്ക് പകരമായി ദുഹ്റ് നാലുറക്അത്ത് നമസ്കരിച്ചത് ജീവിതത്തിലെ അത്യപൂർവ അനുഭവം!

അഹങ്കാരവും ധിക്കാരവും ദൂരെയെറിഞ്ഞ് സ്രഷ്ടാവിന്റെ മുമ്പിൽ നമ്രശിരസ്കരാവുക മാത്രമെ പരിഹാരമുള്ളൂ. പാപങ്ങൾക്ക് പശ്ചാത്തപിക്കുക. സദ്കർമങ്ങൾ കൂടുതലായി ചെയ്യുക. ആരാധനാകർമങ്ങളിൽ കൂടുതൽ ആത്മാർഥത കാണിക്കുക. പ്രവാചകൻ പഠിപ്പിച്ച പ്രാർഥനകളും ദിക്റുകളും ധാരാളമായി ആവർത്തിക്കുക. ബന്ധങ്ങൾ നന്നാക്കുക. അയൽപക്കബന്ധം, സുഹൃദ്ബന്ധം, കുടുംബബന്ധം എല്ലാം നന്നാക്കുവാൻ ആത്മാർഥമായി പരിശ്രമിക്കുക. ദാനധർമങ്ങൾ വർധിപ്പിക്കുക.

ലോകാലോകങ്ങളുടെ സ്രഷ്ടാവേ, മാരകമായ രോഗങ്ങളിൽ നിന്നും അവയുടെ കെടുതികളിൽ നിന്നും ഞങ്ങളെ കാക്കേണമേ. നിന്റെ കാരുണ്യവും ഞങ്ങളിൽ ചൊരിയേണമേ! ഞങ്ങളുടെ എല്ലാ കാര്യങ്ങളും നീ നേരെയാക്കിത്തരേണമേ! ഒരു കണ്ണിമ വെട്ടുന്ന നേരത്തേക്ക് പോലും ഞങ്ങളുടെ കാര്യങ്ങൾ നീ ഞങ്ങളെ ഏൽപിക്കരുതേ, കാരുണാവാരിധിയേ!

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA
ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ
വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം

## 2020-21 അധ്യയന വർഷത്തേക്ക് വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു

### തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.

### മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.

### കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അക്വീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.

### തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.

### സ്കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 23 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

### അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 25 കേന്ദ്രങ്ങൾ.

### അത്തയ്സീർ

ക്വുർആൻ പഠനത്തിനായി റമദാനിൽ നടത്തപ്പെടുന്ന പ്രത്യേക പദ്ധതി. ജാമിഅ ക്വാമ്പസ് മസ്ജിദിലും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായി ക്ലാസുകൾ.

**രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:**
**www.jamiaalhind.com, www.schoolofquran.in**

**ടെലഫോൺ: 0494 2951725, +91 9961725725**

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ക്വുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തയ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com | www.schoolofquran.in

ഇബ്‌നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# കൊറോണ കാലത്തെ മോട്ടാർസൈക്കിൾ യാത്ര

രാജ്യമൊന്നിച്ച് അനുകൂലിച്ച ജനത കർഫ്യൂവിന് തൊട്ടടുത്ത ദിവസമാണ് സമീപ ജില്ലയിലെ ഓഫീസിലേക്ക് ബൈക്കിൽ യാത്ര ചെയ്യേണ്ടിവന്നത്. സ്വകാര്യ വാഹനങ്ങൾ ഉണ്ടാവില്ലെന്ന സംശയം കൊണ്ടും കൊറോണ ചങ്ങല പൊട്ടിക്കാൻകൂടിയുമാണ് ബൈക്കിൽ നൂറോളം കിലോമീറ്റർ യാത്ര പുറപ്പെട്ടത്. റോഡുപണി കാരണം കുറച്ച് ദൂരം വഴിമാറി സഞ്ചരിക്കേണ്ടി വന്നെങ്കിലും സമയത്ത് തന്നെ ഓഫീസിൽ എത്തി. റോഡിൽ വാഹനത്തിരക്ക് തീരെ ഉണ്ടായിരുന്നില്ല എന്നത് തന്നെയായിരുന്നു കാരണം. ഓഫീസിലും ജീവനക്കാരുടെ എണ്ണം വളരെ കുറവ്. ഇടവിട്ട ദിവസങ്ങളിൽ ജോലിക്ക് ഹാജരായാൽ മതി എന്ന ഉത്തരവ് ഉള്ളതിനാൽ ആദ്യദിവസം വരാതിരുന്നതാവാം കാരണം.

മറ്റൊരു കാര്യത്തിന് ജില്ലാ ഓഫീസിൽ എത്തിയപ്പോഴും അവിടെയും ഹാജർനില കുറവായിരുന്നു. സ്റ്റാഫ് കാന്റീനിൽ ഉച്ച ഭക്ഷണം കഴിക്കാൻ ചെന്നപ്പോൾ അവിടെയും ആൾ കമ്മി! അതുകൊണ്ടാവാം കറിക്കും മറ്റും രുചികൂടിയെന്നു സഹപ്രവർത്തകന്റെ കമൻറ്. ഊണ് കഴിക്കുമ്പോൾ മുന്നിലിരുന്ന ആളെ ശ്രദ്ധിച്ചു. കണ്ടുപരിചയമുള്ള അയാൾക്ക് ഏതുതരം വാഹന പണിമുടക്ക് ഉണ്ടായാലും ഓഫീസിൽ എത്താൻ കഴിയും. 50ൽ കൂടുതൽ കിലോമീറ്ററുകൾ സൈക്കിൾ ചവിട്ടിയാണ് അയാൾ വർഷങ്ങളായി ഓഫീസിൽ വന്നുകൊണ്ടിരിക്കുന്നത്.

ഉയരം കുറഞ്ഞ, ദൃഢഗാത്രനായ അയാളെ പരിചയപ്പെട്ടു. ഇത്തിരി കുശലം പറഞ്ഞു.

ജില്ലാ ആസ്ഥാനത്തു മൂന്ന് റോഡുകളിലായി നിരനിരയായി ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകളിൽ ഒന്നിനെയും കാണുന്നില്ല. ഏതാനും സർക്കാർ ബസ്സുകൾ സ്റ്റാന്റിൽ കാത്തു കിടപ്പുണ്ടെങ്കിലും യാത്രക്ക് ആളില്ല.

ഓഫീസിലേക്കുള്ള യാത്ര പൊരിവെയിലിൽ ആയിരുന്നു. രാവിലെ തന്നെ വെയിലിനു ചൂട് ഒട്ടും കുറവുണ്ടായിരുന്നില്ല. എന്നാൽ അത്ഭുതകരമെന്ന് തന്നെ പറയാം, ഓഫീസിലേക്കും തിരിച്ചും നൂറോളം കിലോമീറ്റർ യാത്ര ചെയ്തുവെങ്കിലും ഒരൊറ്റ ബസ് പോലും കാണാൻ സാധിച്ചില്ല. ഇരുചക്രവാഹനങ്ങൾ ഇടക്ക് ഓടിയിരുന്നു. പിന്നെ ചുവന്ന ബോർഡ് വെച്ച സർക്കാർ വാഹനങ്ങളും.

തലങ്ങും വിലങ്ങും ഓടിക്കോണ്ടിരിക്കുന്ന ആംബുലൻസുകൾ ഉള്ളിൽ പേടിയും ആശങ്കയും ഉയർത്തി. മടക്കയാത്രയിൽ നമസ്കാരത്തിന് പാർക്കിംഗ് സൗകര്യമുള്ള നാട്ടുമ്പുറത്തെ പള്ളിക്ക് സമീപം ശ്രമിച്ചെങ്കിലും അത് പുറത്തുനിന്നും പൂട്ടിയിരുന്നു. അടുത്ത ഇടറോഡിലുള്ള പള്ളിയിയും പൂട്ടപ്പെട്ടിരുന്നു.

മാസ്‌ക് ധരിച്ചും അല്ലാതെയും ചിലർ ലിഫ്റ്റിനായി കൈ കാണിച്ചുവെങ്കിലും പേടി കൊണ്ടോ എന്തോ നിർത്താൻ തോന്നിയില്ല. പരിചയമുള്ള ഒരു സുഹൃത്തിന് രണ്ടുകിലോമീറ്റർ മാത്രം ലിഫ്റ്റ് കൊടുത്തു. ടൗണിൽ കടകൾ അപൂർവം തുറന്നിരിക്കുന്നു; പക്ഷേ ആളില്ല. നാട്ടുമ്പുറത്ത് പോലും കടകൾ അടഞ്ഞുകിടക്കുന്നു. ബസ് വെയിറ്റിംഗ് ഷെഡിൽ സ്ത്രീകളും കുട്ടികളുമടക്കം ഏതാനും പേർ ഓടാത്ത ബസിനെ കാത്തിരിക്കുന്നു! റോഡരികിൽ കുറച്ച് ഓട്ടോറിക്ഷകൾ മാത്രം പാർക്ക് ചെയ്തിരിക്കുന്നു. ചിലയിടങ്ങളിൽ സ്വകാര്യ ബസുകൾ അടച്ചുപൂട്ടി റോഡിൽ നിന്ന് കുറെ അകലെ നിർത്തിയിട്ടിരിക്കുന്നു. മൊത്തത്തിൽ ഒരു തിരക്കില്ലായ്മ. ശൂന്യത. വരാനിരിക്കുന്ന എന്തിനെയോ പേടിച്ച് ആളുകൾ ഇരിക്കുന്ന പോലെ. ആശങ്ക അത്രമേൽ ആളുകളെ ബാധിച്ചിരിക്കുന്നു.

മടക്കയാത്ര പകുതി എത്തിയപ്പോഴേക്കും ആകാശം ഇരുണ്ടു തുടങ്ങി. മാനത്ത് കരിമേഘങ്ങൾ കൂട്ടം കൂടി. ചാറ്റലിൽ തുടങ്ങി പിന്നെ കാറ്റിന്റെയും ഇടിയുടെയും കൂട്ടോടെ വേനൽമഴ കനത്തു പെയ്തു. അരമണിക്കൂറോളം റോഡരികിലെ കടയിറമ്പിൽ ബൈക്ക് നിർത്തി നനഞ്ഞ വസ്ത്രങ്ങളുമായി. കനത്ത കാറ്റ് മഴകൊണ്ട് കളിക്കുന്നത് കണ്ടുനിന്നു. മഴ കുറഞ്ഞുതുടങ്ങിയപ്പോൾ മഴക്കോട്ടില്ലാതെ കാറ്റും മഴയുംആസ്വദിച്ച് വീട്ടിലേക്ക് വച്ചുപിടിച്ചു.

വീട്ടിലെത്തി നവമാധ്യമ വാർത്തകൾ ശ്രദ്ധിച്ചപ്പോൾ അറിഞ്ഞു, സംസ്ഥാനം പൂർണമായി അടച്ചിട്ടതായി. പ്രളയകാലത്തും പൗരത്വ സമരവേളയിലും മൗനികളായിരുന്ന പല നവമാധ്യമ പോരാളികളും രംഗത്തിറങ്ങിയിരിക്കുന്ന എന്ന പോസ്റ്റുകളും കാണുവാനായി. സുരക്ഷിത കേന്ദ്രങ്ങളിലിരുന്നു യുദ്ധം ചെയ്തിരുന്ന ഒളിപ്പോരാളികളെയും പേടി പിടികൂടിത്തുടങ്ങിയിരിക്കുന്നുവെന്ന് സാരം.

സർക്കാർ വൈദ്യസേവനരംഗത്ത് ജോലി ചെയ്യുന്ന മകനുമായി അത്താഴ വേളയിൽ സംശയനിവാരണം നടത്തുമ്പോഴും ആധികാരിക സ്രോതസ്സുകളുടെ വായനയിലും മനസ്സിലാകുന്നത്, പേടിക്കാനില്ല; എന്നാൽ കടുത്ത ജാഗ്രത അനിവാര്യമാണ് എന്നാണ്.

ഇപ്പോഴിതാ നീണ്ടനാളുകളിലെ ലോക്ക്ഡൗണിൽ ഇന്ത്യാരാജ്യം അമർന്നുകഴിഞ്ഞിരിക്കുന്നു. ലക്ഷ്യം കോവിഡിനെ തുരത്തൽ തന്നെ. കഴിഞ്ഞ പ്രളയങ്ങളെ അതിജീവിച്ചപോലെ നാം ഇതിനെയും അതിജീവിക്കും; മികച്ച ആസൂത്രണങ്ങളിലൂടെ, കിടയറ്റ പ്രവർത്തനങ്ങളിലൂടെ, ഒപ്പം ആത്മാർഥമായ പ്രാർഥനയിലൂടെയും. പടച്ചവൻ അനുഗ്രഹിക്കട്ടെ.

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8**
**(boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 APRIL 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomyouth
wisdommediaschool

Break the Chain

# “കോവിഡ് 19
## കരുതൽ; കാരുണ്യം

# വിസ്ഡം യൂത്ത്

## പ്രതിരോധം

- സൗജന്യ റേഷൻ
- സന്നദ്ധ സേവനം
- ഡോക്യുമെന്ററി
- ഹെൽത്ത് ടിപ്സ്
- വെബിനാർ
- ലൈവ് ടോക്ക്സ്
- വെർച്വൽ എക്സ്പോ

WISDOM YOUTH
സ്നേഹസ്പർശം
WISDOM Relief
.......without boundaries

WISDOM ISLAMIC YOUTH ORGANIZATION, C.V COMPLEX P.V SWAMI ROAD, KOZHIKODE